


അഞ്ചടക്കം മുൻകൂർ} December 1925. (1 ബ്രി. രൂപാമാത്രം

# വിഷയവിവരണിക.

| | | | |
|---|---|---|---|
| | | | പക്ഷം. |
| 1. | ക്രിസ്തുമസ്സ് കീർത്തനം. | ശ്രീമാൻ കരോട്ടു സി. ജോർജ്ജ്. | 257 |
| 2. | പ്രസാധകക്കുറിപ്പുകൾ. | | " |
| 3. | പ്രഥമ ക്രീസ്തുമസ്സ്. | റവ. ഫാദർ തോമ്മസ് മൂഞ്ഞേലി. | 259 |
| 4. | തൃശ്ശൂർ പുതിയ പള്ളി. | റൈറ്റ് റവ. മോൺസിഞ്ഞോർ ആൻറനി പുതുശ്ശേരി. | 260 |
| 5. | പ്രേമാമൃതം. (ഗാഥ) | ക. നി. മൂ. സ. ബ. മാണിക്കത്തനാർ. | 262 |
| 6. | ക്രീസ്തുവിൻെറ ദിഗ്വിജയം. | ശ്രീമാൻ കെ. ഇ. ജോബ് എം. ഏ. എൽ. റി. | 263 |
| 7. | ലൂർദിലെ അമലോത്ഭവ ദൈവജനനി. | റവ. ഫാദർ ജോർജ്ജ് റി. ഒ സി. ഡി. | 265 |
| 8. | ജൂബിലിവത്സരം | റവ. ഫാദർ പീററർ പുത്തൻപുരയ്ക്കൽ. | 266 |
| 9. | ഗ്രീക്കുസഭയുടെ ആധുനികാവസ്ഥ. | ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ. | 268 |
| 10. | ബെനീഞ്ഞാ കൊൺസൊലാത്താ. | വെരി. റവ. ഫാദർ ഗാബ്രിയേൽ സി. ഡി. | 270 |
| 11. | തിരുഹൃദയ പൊതുനിയോഗം. | | 272 |
| 12. | കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. | സ്വന്തം കൊച്ചച്ചൻ. | " |
| 13. | മനോജ്ഞവിവരങ്ങൾ. ചരമവാർത്തകൾ. | | 276 |
| 14. | 1925-ലെ വിഷയവിവരണിക. | | 277 |
| 15. | പഞ്ചാംഗം. പരസ്യങ്ങൾ. | | 280 |

## കർമ്മലകുസുമം, നവംബർമാസം

### മണിയോർഡർപദ്ധതി സമ്മാനങ്ങൾ.

താഴെപ്പറയുന്ന രജിസ്റ്റർ നമ്പർകാർക്ക് കിട്ടിയിട്ടുള്ള തുകകൾ അവരവരുടെ വരിപ്പണത്തോടുചേർത്തു കണക്കിൽ വച്ചിരിക്കുന്നു.

I. കുടിശ്ശികവകയ്ക്കു (൧ രൂ. വീതം.)

300, 4438, 4843, 2444, 2146, 3124, 2249, 2147, 4243, 615.

11. തന്നാണ്ടുവരിപ്പണംവക (അര രൂപാവീതം)

2447, 2158, 3970, 1670, 579, 2162 ഏ, 2675, 3882, 3969, 785

## കെ. സി സി. ഏ.


### നവംബർ മാസത്തിലെ കത്തോലിക്കാ പ്രസിദ്ധീകരണശ്രമങ്ങൾ.

(സ്ഥലച്ചുരുക്കത്താൽ ഇനംതിരിച്ചുള്ള ലിസ്റ്റു കുസുമത്തിൽ പ്രസിദ്ധപ്പെടുത്താൻ സാധിക്കാതെവന്നിരിക്കുന്ന അടുത്ത ഗ്രന്ഥാവലിയുടെപുറന്താളിൽ പാടുള്ളേടത്തോളം ചേർക്കുന്നതാണ്)

| | | | | | | | |
|---|---|---|---|---|---|---|---|
| നവംബർ ആകെ വരവ് രൂ. | 157 | 17 | 0 | തന്മാസം ബാക്കിൽ രൂ. | 19 | 7 | 2. |
| മുൻവക ബാങ്കിൽ കിടപ്പ് ,, | 39 | 0 | 0 | നാളതു ബാങ്കിൽ ആകെ. | 58 | 7 | 2. |

സ്വന്തം കൊച്ചച്ചൻ.

# Happy Xmas
and
# Merry New Year.



"എല്ലാ ജനങ്ങൾക്കും അത്യാഹ്ളാദത്തിന്റെ സുവിശേഷത്തെ നിങ്ങളോടു ഞാൻ അറിയിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇന്നു നിങ്ങൾക്കു് ഒരു രക്ഷകൻ പിറന്നിരിക്കുന്നു".

(ലൂക്കാ, 2. ൧൦—൧൧.)

# കർമ്മല കുസുമം.

പുസ്തകം ൨൩ } ൧൯൨൪ ഡിസംബർ. { ലക്കം ൧൨


## * ക്രിസ്തുമസ് കീർത്തനം.

(വി. ലൂക്കാ അ. 2; 10, 11, 12, 13, 14 വാക്യങ്ങൾ.)

'ആണ്ടിപ്പണ്ടാരം' എന്ന മട്ട്.

പല്ലവി.

മാലൊഴിഞ്ഞുതേ, ലോകേ– മാലൊഴിഞ്ഞുതേ– ഇനിമേൽ

ചരണങ്ങൾ.

ചേലോടെ കേട്ടുകൊൾവിൻ ഗോകുലപാലകരേ!
മാലുകൾ തീരത്തക്ക സർവ്വജനമോദവാർത്ത– മാലൊഴിഞ്ഞുതേ.
തെല്ലും ഭയപ്പെടേണ്ട കല്യാണം വന്നുകൂട്ടും
നല്ലദാവീദിൻ ഗൃഹേ ജാതനായി യേശുദേവൻ– മാലൊഴിഞ്ഞുതേ.
നിങ്ങൾക്കുവേണ്ടി ദൈവം ജാതനായി പുൽത്തൊട്ടിയിൽ
നിങ്ങൾ ഭയപ്പെടേണ്ട പുണ്യദേഹം രക്ഷചെയ്യും– മാലൊഴിഞ്ഞുതേ.
മേലാകെ ശീലചുറ്റി താലോലിച്ച ഗോശാലയിൽ
ഭൂലോക രക്ഷകനാം യേശുബാലം കാണും നിങ്ങൾ– മാലൊഴിഞ്ഞുതേ.
സൽബുദ്ധിയുള്ളവർക്ക് സൽഗതി ലോകത്തിങ്കൽ
എന്നാണു് ദൈവമതം അത്യുത്തമം ഓർത്തുകൊൾവിൻ– മാലൊഴിഞ്ഞുതേ.

കരോട്ടു സി. ജോർജ്ജ്.

* 'ക്രിസ്തുനാഥാവതാരം' എന്ന പേരിൽ എഴുതിയിട്ടുള്ള സംഗീത പ്രഹസനത്തിൽനിന്ന്.

## പ്രസാധകക്കുറിപ്പുകൾ.

### ക്രിസ്തുമസ്സ് മംഗളം.

ലോകരക്ഷകൻെറ ആഗമനത്തിനായി നാലായിരം സംവത്സരത്തോളം ലോകം പ്രതീക്ഷിച്ചിരിക്കേണ്ടതായി വന്നു. കടശി റോമ്മാക്കാരുടെ ഭരണകാലത്തു ലോകത്തിൽ സർവ്വത്ര സമാധാനം വ്യാപിച്ചിരുന്നപ്പോഴാണു് ചിരപ്രതീക്ഷിതനായ മ്ശിഹാ പ്രത്യക്ഷനായതു്. നമ്മുടെയും ക്രിസ്തുമസ്സ് യഥാർത്ഥത്തിൽ മംഗളമായിരിക്കണമെങ്കിൽ ഇപ്രകാരമുള്ള ഒരു സമാധാനസ്ഥിതിയെ നാം പാലിക്കണം. ദൈവത്തോടുള്ള സമാധാനം, മനുഷ്യ

രോടുള്ള സമാധാനം, തന്നോടുതന്നെയുള്ള സമാധാനം ഇങ്ങിനെ മൂന്നു വിധത്തിലുള്ള സമാധാനം പ്രാപിക്കാത്തവന് ക്രിസ്തുമസ്സിന്റെ ആന്തരികമായുള്ള ഭാഗ്യം അനുഭവിപ്പാൻ സാധിക്കുന്നതല്ല. ഇപ്രകാരം സാക്ഷാൽ മംഗളമായ ഒരു ക്രിസ്തുമസ്സ് ഞങ്ങളുടെ മാന്യവായനക്കാരേവർക്കും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## അമലോത്ഭവതിരുനാൾ.

ദൈവജനനിയായ പരിശുദ്ധ കന്യകമറിയം ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്. എന്നാൽ ഇതര സൃഷ്ടികളിൽനിന്ന് ഈ വിശുദ്ധ മാതാവിനെ ഉന്നതമായ വിധത്തിൽ വ്യത്യസ്തയാക്കിയിരിക്കുന്നത് എന്താണെന്നു ചോദിക്കയാണെങ്കിൽ, പാപത്താൽ ഒരിക്കലും മലിനയാകാതെ ഈ അമ്മ സംരക്ഷിക്കപ്പെട്ടുവെന്നുള്ളതാണെന്നു സംശയലേശംകൂടാതെ പറയാം. ദൈവമാതൃത്വത്തിനുപോലും അവകാശം ലഭിച്ചുകൊടുത്തിട്ടുള്ളതു് ഈ വരമാണ്. ദൈവമാതൃത്വത്തെക്കാൾ പരിശുദ്ധ കന്യക തന്റെ അമലോത്ഭവത്തെ സർവ്വഥാ വില മതിച്ചിരുന്നു. ആകയാൽ ഈ തിരുനാൾ ദൈവജനനിക്കു എത്ര പ്രസാദജനകമാണെന്നു നാം ഓർക്കണം. അതിനടുത്ത ആഡംബരത്തോടേ ഈ തിരുനാൾ കൊണ്ടാടുന്നതിനു നാം ശ്രമിക്കണം. കുററമററ ഒരു ജീവിതത്താൽ, പിശാചിനു ഒരിക്കലും അടിമപ്പെടാതെ അമലോത്ഭവ ദൈവജനനിയുടെ യോഗ്യമക്കളായി ജീവിക്കുന്നതിന് നാം ശ്രമിക്കയും, അതിലേക്കു അമ്മയുടെ സഹായം ഈ അവസരത്തിൽ പ്രത്യേകിച്ചു അപേക്ഷിക്കയും ചെയ്യണം.

## രജതജൂബിലി

കൊല്ലം രൂപതയുടെ നി. വ. ദിവ്യശ്രീ അലോഷ്യസ് മരിയ ബെൻസിഗർമെത്രാനച്ചൻ തിരുമനസ്സിലേ മെത്രാൻപട്ടത്തിന്റെ രജതജൂബിലി കഴിഞ്ഞമാസം 18, 19 എന്നീ തീയതികളിലായി അത്യാഘോഷപൂർവ്വം കൊല്ലത്തുവച്ചു കൊണ്ടാടിയിരിക്കുന്നു. പുണ്യചരിതനായ ഈ വന്ദ്യതിരുമേനിക്കു ആഘോഷാഡംബരങ്ങളോടുള്ള അനാസ്ഥ സർവ്വവിദിതമാണ്. അവിടത്തെ നാമകാരണന്റെ തിരുനാൾപോലും കൊണ്ടാടുന്നതിനു കൊല്ലംരൂപതക്കാർക്കു അധികം ഭാഗ്യം ലഭിക്കയുണ്ടായിട്ടില്ലെന്നു ഞങ്ങൾക്കറിയാം. എങ്കിലും ഒന്നുചേർന്നുള്ള രൂപതാജനങ്ങളുടെ അപേക്ഷകൾനിമിത്തം, ചുരുങ്ങിയവിധത്തിൽ മാത്രമേ ഘോഷിക്കാവൂ എന്നുള്ള ആജ്ഞയിൻകീഴ തന്റെ വാത്സല്യജനങ്ങൾക്കു സ്നേഹപൂർവ്വകമായ ഒരനുമതികൊടുക്കുകയാണുണ്ടായതു്. കൊല്ലം രൂപതക്കാർ ഈ അനുമതിയെ യഥാർഹം ഉപയോഗപ്പെടുത്തിയതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കയും അവരേ സർവ്വാത്മനാ അനുമോദിക്കയും ചെയ്തുകൊള്ളുന്നു. ഇക്കഴിഞ്ഞ കാൽ ശതാബ്ദത്തിനിടയ്ക്കു് പ്രസ്തുത രൂപതയ്ക്കു പുണ്യവാനായ ഈ തിരുമേനിയിൽനിന്ന് ലഭിച്ചിട്ടുള്ള നിരവധി ശ്രേയോഭിവൃദ്ധിമാർഗ്ഗങ്ങൾ അനുസ്മരിച്ചാൽ കൊല്ലത്തെ കൃതജ്ഞതാപ്രകടനം ഒട്ടും അധികമായെന്നു ഭയപ്പെടാനില്ല. എത്രസഹസ്രം രൂപാ വിദേശങ്ങളിൽ നിന്ന് കൊണ്ടുവന്ന് സ്വരൂപതയ്ക്കുവേണ്ടി തിരുമേനി വിനിയോഗിച്ചിട്ടുണ്ടെന്നുള്ളതു് ഒട്ടും രഹസ്യമായ കാര്യമല്ല. നവമായി നാല്പത്തൊന്നു ദേവാലയങ്ങൾ ഈ കാലത്തിനിടക്കു തിരുമേനി പണിയിച്ചിട്ടുണ്ടു്. ജൂബിലിസ്മാരകമായി രൂപതയിൽനിന്നു സമർപ്പിച്ച ഒൻപതിനായിരം രൂപായുടെ ഒരു പണക്കിഴി തന്നേ വൈദികരുടെ വാർദ്ധക്യ കാലത്തേയ്ക്കുപയോഗിപ്പാനുള്ള ഒരു പുതിയ സ്ഥാപനത്തിന്നായിട്ടു നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു. ദീർഘായുഷ്മാനായി ഇനിയും വളരെക്കാലം രൂപതാഭരണം നടത്തുന്നതിനു സർവ്വേശ്വരൻ തിരുമേനിയെ അനുഗ്രഹിക്കുമാറാകട്ടെ!

# പ്രഥമക്രിസ്ത്മസ്സ്.

ക്രിസ്തുവിനെ കൂടാതെ ക്രിസ്ത്മസ്സ് നിരത്ഥമാകുന്നു. മനഃശാന്തതയ്ക്കും അലംഭാവത്തിനും വേണ്ടിയുള്ള നിലയില്ലാത്ത ആശയാൽ മനുഷ്യർ അധികാരശക്തിയും ധനവും ക്ഷേമവും കരസ്ഥമാക്കുന്നതിനു അതിപ്രയത്നം ചെയ്തുവരുന്നതു സർവ്വസാധാരണമായി നാം കാണുന്നുണ്ടല്ലൊ. ചിലർ തങ്ങളുടെ കുടുംബശ്രേഷ്ഠതയിലും തനതു ദേഹകാന്തിയിലും ആരോഗ്യമേന്മയിലും പ്രസ്തുത സൌഭാഗ്യലാഭത്തിനായി ഉൽക്കണ്ഠയോടുകൂടി പാർത്തിരിക്കുന്നു. എന്നാൽ, ക്രിസ്തുവിനെ കൂടാതെ സമാധാനമില്ലാ. ക്രിസ്തുവിനെ കൂടാതെ സന്തുഷ്ടിയില്ലാ, ക്രിസ്തുവിനെ കൂടാതെ സൌഭാഗ്യവുമില്ലാ. സ്വർഗ്ഗീയ സ്ഥിതിയുടെ സംയോജ്യതയ്ക്കു ലോകരക്ഷകൻ ദൈവപുത്രൻ തന്നെ ആയിരിക്കണമെന്നുള്ളതു സർവ്വഥാ നീതീകരിക്കപ്പെടുന്നു. വേദപാരഗനായ വിശുദ്ധ അഗസ്റ്റീനോസ് എഴുതിയിരിക്കുന്നപോലെ മർത്ത്യഗണത്തെ ത്രാണനം ചെയ്യുന്നതിനു സാക്ഷാൽ പ്രയോഗിച്ച മാർഗ്ഗം കൂടാതെ, അപരമാർഗ്ഗം അഗാധമായ ദൈവികബുദ്ധിയ്ക്കു സാദ്ധ്യമാകുമെന്നിരുന്നാലും, ദൈവപുത്രൻ തന്നെ രക്ഷകനായിരിക്കണമെന്നതു ദൈവനീതിക്കു അധികം യോജിച്ചിട്ടുണ്ട്. ആദത്തിന്റെ ദോഷഫലമായി ഉപദ്രവിക്കപ്പെട്ട സർവ്വേശ്വരന്റെ മഹത്വം അളവില്ലാത്തതായിരിക്കുന്നപോലെ, ആ ദോഷത്തിന്റെ ദുഷ്ടതയും അളവില്ലാത്തതാകുന്നു. ആകയാൽ സ്വാഭാവികമായി അപരാധത്തിന്റെ ഫലമനുസരിച്ച ഒരു പ്രായശ്ചിത്തം ആവശ്യപ്പെടുന്നതു ദൈവനീതി ആയിരിക്കുന്നു. തദനുസരണം സർവ്വേശ്വരനോടു പരിഹാരം ചെയ്യുവാൻ അനന്തനന്മയായ ഒരാൾ അവശ്യം വേണ്ടിവന്നു. ഇത്ര ഉൽകൃഷ്ടമായ ഒരു കൃത്യനിർവ്വഹണത്തിനു സൃഷ്ടിയിൽ ആരുംതന്നെയില്ലാ.

സൃഷ്ടികളെല്ലാം എത്ര ശ്രേഷ്ഠമായാലും അവസാനമുള്ളവയാകുന്നു. ഏററവും പരിശുദ്ധയായ കന്യകമറിയം തന്നെയും, ഒമ്പതു വൃന്ദം വാനാരൂപികളും, ധീരന്മാരായ വേദസാക്ഷികളും, നരഗണത്തിൽ ഉൾപ്പെട്ട സകലനീതിമാന്മാരും, ഇവരെല്ലാം ഒന്നിച്ചുകൂടിയാലും ആദിമാനുഷന്റെ പാപത്തിനു ശരിയായ പരിഹാരം ചെയ്തു തീർക്കുന്നതിനു അസാദ്ധ്യംതന്നെ. പ്രസ്തുതപരിഹാരത്തിനു അനന്തനായ ഒരാളുടെ ബലി ആവശ്യമായിവന്നു. ഇത്ര മഹാകടത്തെ തികക്കുന്നതിനുള്ള ശക്തി ഒരാളിൽ മാത്രമെ സ്ഥിതി ചെയ്തിരുന്നൊള്ളു. ഈയാൾ അനന്തദൈവത്തിന്റെ ഏകകുമാരനല്ലാതെ വേറെ ആരുമല്ലതന്നെ. അവിടന്നു ലോകരക്ഷകൻ എന്ന നിലയിൽ തന്റെ രക്ഷണീയ വേല ആരംഭിക്കുന്നതിനു ഭൂമുഖത്തു വന്നപ്പോൾ ജനങ്ങൾ തന്നെ സ്വീകരിക്കുന്നതിനു തയ്യാറില്ലായിരുന്നു. അവിടത്തെ വാസസ്ഥലമായിട്ടു ധനവാന്മാരുടെ സൌധത്തെയല്ലാ തിരിഞ്ഞെടുത്തതു—മൃഗങ്ങളുടെ വിശ്രമസ്ഥലമായ ഒരു ഗുഹയാകുന്നു. മൃഗങ്ങൾക്കു ഭക്ഷ്യസാധനങ്ങൾ സൂക്ഷിച്ചിരുന്ന പുൽത്തൊട്ടിയിൽ ഏററവും ധന്യനായ ശിശു അസാമാന്യദാരിദ്ര്യസ്ഥിതിയിൽ കിടക്കുന്നതു കണ്ടാലും!! ഏററവും മഹിമയുള്ളവൻ പരിഛേദം നിസ്സാരനായും, മനുഷ്യസമൂഹത്തിന്റെ ഏകരക്ഷകൻ അവരാൽ തിരസ്കരിക്കപ്പെട്ടവനായും, ലോകമൊട്ടുക്കു ജീവനും വെളിച്ചവും പ്രദാനം ചെയ്യുന്നവൻ ഉഗ്രതരമായ ശീതളത്താൽ കഷ്ടപ്പെടുന്നവനായും കാണപ്പെടുന്നു. പരിശുദ്ധ ദൂതന്മാർ തനിക്കു ചുററും വന്നു സാഷ്ടാംഗം വീണു ആരാധിക്കുന്നു. നിദ്രപ്രാപിച്ചിരിക്കുന്ന ഉണ്ണിയെ അപകടങ്ങളിൽ നിന്നു രക്ഷിക്കുന്നതിനു മുറപ്രകാരം അവർ കാവൽ ചെയ്യുന്നു. വിശുദ്ധ മറിയവും യൌസേപ്പും ജനക്കൂ

ട്ടത്തിന്റെ നാമത്തിൽ തനിക്കു സ്വസ്തി ചൊല്ലുകയും ലോകമൊട്ടുക്കും അങ്ങേ ജനനംമൂലം ലഭിച്ച നിരവധി അനുഗ്രഹങ്ങൾക്കായി കൃതജ്ഞത പ്രകാശിപ്പിക്കയും ചെയ്യുന്നു. ആടുകളെ രാത്രിസമയം ശത്രുബാധയിൽ നിന്നു രക്ഷിക്കുന്നതിനു കാവൽ കിടന്നിരുന്ന ആട്ടിടയന്മാരല്ലാതെ പുൽക്കൂടു സന്ദർശിക്കുന്നതിനു വേറെ ഒരുത്തരും ക്ഷണിക്കപ്പെട്ടിരുന്നില്ലാ. ഇരുട്ടുകൊണ്ടു നിറഞ്ഞിരുന്ന അർദ്ധരാത്രി സമയം ബെത്‌ലേഹത്തിനു സമീപമുള്ള വയലുകളെല്ലാം പെട്ടെന്നു ശോഭയേറിയ വെളിച്ചത്താൽ പ്രത്യക്ഷപ്പെടുകയും, അനുവരെ മർത്ത്യകർണ്ണങ്ങൾക്കു വിഷയീഭവിച്ചിട്ടില്ലാത്ത "ഉന്നതങ്ങളിൽ സർവ്വേശ്വരനു സ്തുതിയും, ഭൂമിയിൽ നന്മനസ്സുക്കു സമാധാനവും" എന്ന കീർത്തനം മാറ്റൊലികൊള്ളുകയും ചെയ്തതോടുകൂടി ആട്ടിടയന്മാർ നിദ്രയിൽ നിന്നുണർന്നു തൊഴുക്കൂട്ടിലേക്കു ആനയിക്കപ്പെട്ടു. ഈ പ്രഥമ ക്രിസ്തുമസ്സ് രാത്രിയിൽ അജ്ഞാതരായ പാവപ്പെട്ട ആട്ടിടയന്മാർക്കു ലഭിച്ച പ്രസ്തുത ഭാഗ്യം രാജാക്കന്മാരും ദീർഘദർശികളും ദീർഘനാളായി അനുഭവിക്കുന്നതിനു ആഗ്രഹിച്ചതാണെങ്കിലും അവരുടെ പ്രതീക്ഷ നിഷ്ഫലമായതേയുള്ളൂ. ഇടയന്മാർ പരിശുദ്ധമായ ജിജ്ഞാസയോടും വിസ്മയത്തോടും കൂടി സൂക്ഷിച്ചുനോക്കുകയും, അഗാധമായ ഭക്തിയും സ്നേഹവും പ്രദർശിപ്പിച്ച മുട്ടുകുത്തി വിശ്വാസത്തിന്റെ ദൃഷ്ടികൾകൊണ്ടു അവരുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ട പുൽക്കൂട്ടിൽ തങ്ങളുടെ കർത്താവിനെ കാണുകയും ഭയഭക്തിയോടുകൂടി സാഷ്ടാംഗം വീണു ആരാധിക്കയും ചെയ്തു. ആട്ടിടയന്മാർ ഇപ്രകാരം ദൈവത്തിന്റെ മനുഷ്യാവതാരരഹസ്യം വിശ്വസിച്ച ആദ്യക്രിസ്ത്യാനികളായിതീർന്നു.

ഫാദർ തോമസ് മൂഞ്ഞേലി.

## തൃശ്ശൂർ പുതിയപള്ളി.

(1925 ഒക്ടോബർ 10-ാംനു ചെയ്യപ്പെട്ട ഉൽഘാടന പ്രസംഗം—തുടർച്ച.)

ഇസ്രായേൽ ജനത്തിന്റെ ബാബിലോൺ ബന്ധനം 70 സംവത്സരമേ ദീർഘിച്ചുള്ളൂ. അന്നു ബാബിലോണും സിറിയായും അടക്കി വാണിരുന്ന ദാരിയൂസ് രാജാവ് ഇസ്രായേൽക്കാരെ സ്വതന്ത്രരാക്കി. ഓർശ്ലേം നഗരിയിൽ പോയി ശ്ലേമോന്റെ ദേവാലയത്തെ പുനഃസ്ഥാപിക്കുന്നതിന് ധനസഹായത്തോടുകൂടെ അവരെ വിട്ടയച്ചു. അവർ അവിടെ ദേവാലയം പുനഃസ്ഥാപിക്കയും സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു.

നമുക്കും ഇസ്രായേൽക്കാർക്കെന്നപോലെ പഴയ വ്യാകുലമാതാവിന്റെ പള്ളി നഷ്ടപ്പെട്ട ആരംഭത്തിൽ അത് ആരുടേയും മനഃപൂർവ്വമായ കുറ്റത്താലല്ലായിരിക്കാം. ദൈവം വലിയ നന്മ ഉദ്ദേശിച്ചതിനാലായിരിക്കാം. കത്തോലിക്കരുടെ സത്യവിശ്വാസസ്ഥിരീകരണത്തിന് വേണ്ടിയുമായേക്കാം. എങ്ങനെയായാലും ഒററ വാക്കിൽ അതു നമുക്കു നഷ്ടപ്പെട്ടു. എങ്കിലും ഇന്നു ഭാഗ്യമായി നാടുവാഴുന്ന കൊച്ചി മഹാരാജാവ് തിരുമനസ്സുകൊണ്ട് അനുഗ്രഹമായി ഈ പുത്തൻപേട്ടയിൽ വ്യാകുലമാതാവിന്റെ പ്രതിഷ്ഠയിൽ തന്നെ ഒരു കത്തോലിക്കാ ദേവാലയം പുനഃസ്ഥാപിക്കുന്നതിന് അനുവദിച്ചതിന്റെ ഫലമായി നാം സ്വതന്ത്രരായി സന്തോഷിക്കേണ്ടിയിരിക്കുന്നു. ഇന്നു ഇവിടെ സത്യദൈവത്തിന്റെ സത്യനിശ്ചയപ്രകാരം യഥാർത്ഥബലി പരമപിതാവിന്നു അർപ്പിക്കുവാൻ ഇടയായതിനാൽ നാം ഏകോപിച്ച് ദൈവത്തിന് സ്തുതിപാടുകയും വേണം. അമ്പത്തു സം

വത്സരമായി നമുക്കു നഷ്ടപ്പെട്ട പഴയ ദേവാലയത്തെപ്പററി ഇനി നാം ദുഃഖിക്കേണ്ടതില്ല.

എങ്കിലും ഇന്നു അല്പം ഒരു ക്ലേശത്തിന്നു ചിലർക്കെങ്കിലും അവകാശമുണ്ടായിരിക്കാം. അതു മറെറാന്നുമല്ല. നമ്മിൽ ചിലരെങ്കിലും നമ്മുടെ പഴയ ദേവാലയത്തിൽ പോയി ആരാധന നടത്തിയിട്ടുള്ളവരാകണം. അവരുടെ ദൃഷ്ടിയിൽ ഇന്നത്തെ നമ്മുടെ ദേവാലയം അത്ര മനോഹരമായി പ്രത്യക്ഷപ്പെടുകയില്ല. ഈ ന്യായത്താലുള്ള ഒരു ക്ലേശം ആദ്യം ഇസ്രായേൽ ജനത്തിന്നും അനുഭവമായതാണു്. അവർ ബാബിലോൺ കാരാഗൃഹത്തിൽനിന്നു മടങ്ങിവന്നശേഷം ഓറശ്ലേം നഗരിയിൽ ശ്ലേമോൻെറ ദേവാലയസ്ഥാനത്തു രണ്ടാമതു പണിയിച്ച ദേവാലയം അത്രതന്നെ മനോഹരമായിരുന്നില്ല. അതാനാൽ ദുഃഖിതരായ അന്നത്തെ വൃദ്ധന്മാരോടു അഗേവൂസ് ദീർഘദർശി പ്രസ്താവിച്ചതു നാമും സ്മരിച്ചു് സമാധാനപ്പെടണം. അന്നു ദീർഘദർശി അവരോടു പറഞ്ഞ സാന്ത്വനങ്ങൾ കേട്ടുകൊൾവിൻ! "നിങ്ങൾ വിഷാദിക്കേണ്ട, പരിഭ്രമിക്കേണ്ട, ശ്ലേമോൻ പണിയിച്ച ഓറശ്ലേം ദേവാലയം അതിമനോഹരമായിരുന്നുവെങ്കിലും രണ്ടാമത്തെ ഈ ദേവാലയത്തിലാണു് ലോകരക്ഷകനായ മ്ശിഹാ പ്രവേശിക്കുവാനിരിക്കുന്നതു്" ഇതു എത്രയോ ആശാസപ്രദമായ ഒരു പ്രവാചകം!

ആകയാൽ ഇതുപോലെതന്നെ ഞാനും നിങ്ങളോടു പറയുന്നു. "അശേഷം മനോവ്യാകുലപ്പെടേണ്ട. തങ്ങളുടെ ആദ്യദേവാലയംപോലെ അത്രത്തോളം ഇന്നത്തെ ദേവാലയം മനോഹരമല്ലെങ്കിലും അതിൻെറഭാവി ശ്രേയസ്കരമാണു്. ഉന്നതമാണു്. ഇവിടെ സത്യവെളിച്ചം പ്രകാശിക്കും. മററിടത്തോ, അന്ധകാരമായിരിക്കും. ഇവിടെ തെററിപ്പോയ ആടുകളെ അന്വേഷിച്ചു ചേക്കും. മററിടത്തിലോ, അന്യആടുകളെ വിട്ടുകൊടുക്കേണ്ടിവരും. തൻമൂലം അവയിൽ ഒന്നു ശേഷിക്കുകയുമില്ല.'' ഇങ്ങനെ മ്ശിഹായുടെ സത്യനുകത്തിൻകീഴ ഏവരും ഏകീകരിക്കപ്പെടുവാൻ സംഗതി വരുമെന്നാണു് തൃശ്ശൂർ പട്ടണത്തെപ്പററിയും തദ്നിവാസികളെപ്പററിയും എൻെറ അഭിമതം. അഗേവൂസിനെപ്പോലെ ഞാൻ പ്രവാചകനല്ലെങ്കിലും ദൈവവാക്യം എന്നിലുണ്ടു്. നരകവാതിലുകൾ സത്യസഭയോടു എതിരിടുകയില്ലായെന്നതിനാൽ ദൃശ്യമായ അപജയത്തിൽ പോലും അദൃശ്യമായ ജയമേ നമുക്കു ശേഷിക്കയുള്ളു. നമ്മുടെ ഇന്നത്തെ ശക്തിയും സ്വാധീനവും അതിമനോഹരമായ ഒരു ദേവാലയത്തെ ഇവിടെ അർഹിക്കുന്നുണ്ടു്. അതു യഥാർത്ഥീകരിക്കപ്പെടുകയും ചെയ്യും.

ഇപ്പോഴത്തെ നമ്മുടെ പുതിയ ദേവാലയസ്ഥാപനത്തിനായി നാം അത്യുത്സാഹപൂർവ്വം ശ്രമിച്ചതിൻെറ ഫലമായി നാം അതിൽ പ്രവേശിപ്പാൻ ഇടയായ സന്ദർഭത്തിൽ ഒന്നുകൂടി നാം സ്മരിക്കേണ്ടതുണ്ടു്. അതു ദൈവത്തിന്നു അനുരൂപഹൃദയനായ ദാവീദു മഹാരാജാവു ഒരു ദേവാലയം പണിയിക്കുന്നതിന്നു അതിയായി ആഗ്രഹിച്ചു വേണ്ടിയ ഒരുക്കങ്ങൾ ചെയ്തതിൻെറ ഫലമായി രാജാധികാരം ആ മഹാരാജാവിന്നും സന്താനങ്ങൾക്കും ദൈവനിശ്ചയപ്രകാരം മ്ശിഹാകാലംവരെ ഉറച്ചുനിന്നുവെന്നുള്ളതാണു്. ദാവീദിൻെറ മുൻഗാമിയായ സാവൂൾ രാജാവും നാല്പതുസംവത്സരം രാജ്യം ഭരിച്ചു. സന്താനങ്ങളും അയാൾക്കുണ്ടായി. എങ്കിലും രാജിതം അവക്കു നിലനിന്നില്ല. ഈ വ്യത്യാസം ഉത്ഭവിച്ചതു വേദപുസ്തകസാക്ഷ്യാനുസാരം ദേവാലയം പണിയിക്കുവാൻ ദാവീദിനുണ്ടായ അതിയായ ആഗ്രഹവുംആയാളുടെപുത്രൻ ശ്ലേമോൻ സാക്ഷാൽ ഒരു മനോഹരദേവാലയം തീർപ്പിച്ചതുമാണു്. ആകയാൽ നാം അത്യുത്സാഹപൂർവ്വംപ്രതിബന്ധങ്ങളുടെമദ്ധ്യേദേവാലയത്തിന്നായിശ്രമിച്ചു് അതു സ്ഥാപിച്ചതുകൊണ്ടു ദൈവത്തിന്നു അത്രതന്നെ പ്രസാദിച്ചിട്ടുണ്ടെന്നും സ്ഥാപനം സുസ്ഥിരമായിരിക്കുമെന്നും ധൈര്യപ്പെടാം. കൂടാതെ ഈ ദേവാലയം പട്ടണത്തിൻെറ മ

ദ്ധ്യസ്ഥാനത്തു സ്ഥിതിചെയ്യുവാൻ ഇടവന്നിരിക്കുന്നതും നമുക്കു വലുതായ ഒരു അഭിമാനം തന്നെയത്രെ. ദൈവത്തിനു സ്തുതിയുണ്ടാകുമാറാകട്ടെ.

പ്രിയ എന്റെ കേൾവിക്കാരരെ, നമ്മുടെ വന്ദ്യമേലദ്ധ്യക്ഷന്റെ പ്രവേശനവും ആശീർവ്വാദവും ബലിഅർപ്പണവും വഴിയായി ഇന്നു നാം ഈ ദേവാലയത്തെ വ്യാകുലദൈവമാതാവിനു പ്രതിഷ്ഠിച്ചുകഴിഞ്ഞിരിക്കുന്നു. ശ്ലേമോന്റെ പ്രാർത്ഥനയെ എന്നപോലെ ഈ ദേവാലയത്തിൽ നമ്മുടെ പ്രാർത്ഥനയും ദൈവം കേൾക്കുമാറാകട്ടെ. ഈ ദേവാലയത്തിന്റെ സകല ഭാഗങ്ങളും നമ്മെ ദൈവത്തിങ്കലേക്കു ഉയർത്തുന്നവയായി ഭവിക്കട്ടെ! ദേവാലയപ്രവേശനദ്വാരത്തിങ്കലെ തീർത്ഥജലം നമ്മെ ശുദ്ധീകരിക്കട്ടെ. അവിടെയുള്ള പ്രസംഗപീഠം ദൈവവചനശ്രവണത്തിനു നമ്മെ വശീകരിക്കട്ടെ. പാപസങ്കീർത്തനാസനം നമ്മെ പാപത്തിൽനിന്നു വിമോചിക്കുമാറാകട്ടെ. ദേവാലയത്തിലെ ക്രാസികൾ ദിവ്യഭോജനത്തിന്നു നമ്മെ ക്ഷണിക്കുന്നവയായി പരിലസിക്കട്ടെ. ബലിപീഠം നമ്മെ സ്വർഗ്ഗസ്ഥനായ പിതാവിനോടു രമ്യപ്പെടുത്തുന്ന മദ്ധ്യസ്ഥാനമായിരിക്കട്ടെ. സക്രാരി നമ്മെ എന്നും മ്ശിഹാസന്ദർശനത്തിന്നു ഉത്സാഹിപ്പിക്കുമാറാകട്ടെ. എന്നല്ല, ഈ ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നതും ഉന്നതസ്ഥാനത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമായ വ്യാകുലദൈവമാതാവിന്റെ സ്വരൂപം അതേ, കുരിശിൽ മൃതനായ മ്ശിഹായെ നമ്മെ കാണിക്കുന്ന ദൈവജനനിയുടെ സ്വരൂപം—തൃശ്ശൂർ പട്ടണവാസികളെ ഏകസത്യവിശ്വാസത്തിൽ ഏകീകരിക്കുമാറാകട്ടെ.

മോൺസിഞ്ഞോർ ആന്റണി,
പുത്തുശ്ശേരി.

## പ്രേമാമൃതം. (ഗാഥ)

(തുടർച്ച.)

അത്യന്തസൌമ്യനാമീശോ ഭവാനെന്റെ
ഹൃത്താര,നാനന്ദപൂർണ്ണചന്ദ്രൻ:
അഗ്രാഹ്യസൽഗുണാംബോധേ! ഭവൽപ്രേമ—
മുഗ്രമായെന്നെബന്ധിച്ചിടട്ടെ. 25

നന്മയാകുന്നനിസ്സീമശോഭയെസ്സ്നേഹിപ്പ—
തന്യവസ്തുക്കളാരാഞ്ഞിടാതെ,
അദ്ദിവ്യനായിഞാൻ ജീവൻനയിക്കുന്ന—
തിദ്രോഹിയെത്തെല്ലുമോർത്തിടാതെ. 26

കോൽത്തേനിൽമധുരമേറുമീശോ! ഭവാൻ
പ്രത്യാശയാകുന്നതേട്ടവാക്ക്:
നേത്രാംബുതേടുന്നുനിന്നെയഭ്യന്തര—
ചിത്താർത്തനാദവുംഭക്തിപൂർവ്വം. 27

ഏതേതിടത്തിൽ ഞാനായിരുന്നാലുമെൻ—
നാഥനാമീശോയെയാഗ്രഹിക്കും:
കണ്ടെത്തിടുന്നതൊന്നെത്രതുഷ്ടൻ! ഭവ്യ—
മുണ്ടാവതെത്രമേൽകൈക്കെയ് വരുമ്പോൾ! 28

അപ്പൊഴാമാശ്ലേഷമപ്പൊഴാം ചുംബനം
നല്പിന്നതിനേക്കാൾമനോജ്ഞം:
അപ്പൊളീശോയോടുഭാഗ്യസംയോജനം:
സ്വല്പനേരത്തേക്കുമാത്രമെല്ലാം. 29

എന്തുഞാൻതേടിയോകാണുന്നതേഷഞാ—
നെന്തുകാംക്ഷിച്ചതുംലബ്ധമായ് മേ:
ഈശോതൻസ്നേഹത്തിനാൽലയിക്കുന്നുഞാ—
നാശയംസർവ്വംദഹിച്ചിടുന്നു. 30

ഏവമീശോയിൽ ഭവിക്കുംപ്രണയമൊ
സംവർദ്ധമാംക്ഷയിക്കില്ലതെല്ലും,
ശാന്തമായ് തീരില്ല,നഷ്ടമാകില്ലതു
മേന്മേൽവളർന്നിട്ടും പ്രോജ്ജ്വലിക്കും. 31

ഇസ്നേഹമെപ്പോഴുംകത്തിജ്ജ്വലിക്കുന്നു
വിസ്മാപകംരസമേകിടുന്നു,
ചൊല്ലാന്നദീപ്തിബോധത്തിന്നുചേർക്കുന്നു,
കല്യസൌഭാഗ്യവും നൽകിടുന്നു, 32

വാനിൽനിന്നാദത്തമായുള്ളൊരിസ്സ്നേഹ–
മെന്നോടു ഗാഢമായ് ചേർന്നിടുന്നു,
മാനസം സർവ്വം ജ്വലിപ്പിച്ചുകൊണ്ടുചൈ–
തന്യത്തിനാനന്ദമേകിടുന്നു. 33

ഹാ! സത്ഭാഗ്യപ്രദായകം ജീവന–
മാസക്തിയേറും മനോഭിലാഷം!
സത്യസർവ്വേശന്റെ പുത്രനേസ്സ്നേഹിപ്പ–
തെത്രമാത്രം മനോല്ലാസമൂലം! 34

കന്യയാം മാതാവഹിച്ച പൂതവത്സ! നീ
ചിന്നും രസപ്രേമപാത്രവും നീ;
ഉന്നതശ്രീ, ജഗന്നാഥാർഹമച്ഛന–
മുന്നിരാട്ടും ത്വദീയമല്ലോ. 35

വന്നാലുമിങ്ങു രാജോത്തമ! നിസ്സീമ–
വന്ദനസ്സൂർഹനായുള്ളതാത:!
മുന്നേതിലേറ്റമെൻ മാനസേ ശോഭിച്ചു–
കെന്നാൾ മുതല്ക്കു ഞാൻ പാർത്തിരിപ്പൂ! 36

(തുടരും)

ക. നി. മൂ. സ. മാണിക്കത്തനാർ.

## ക്രിസ്തുവിന്റെ ദിഗ്ജയം.

ഇരുപതു ശതാബ്ദത്തിനു മുമ്പ് റോമ്മാ ചക്രവർത്തികളുടെ പ്രാബല്യകാലമായിരുന്നു. യൂറോപ്പു, ആഫ്രിക്കാ എന്നീ ഭൂഖണ്ഡങ്ങളിലെ പ്രധാനപ്പെട്ട പല ഭാഗങ്ങളും അവർ കീഴടക്കി വാണുവന്നു. ദേവാവതാരമായി പരിഗണിക്കപ്പെട്ടുപോന്ന ചക്രവർത്തികളെ പ്രജകൾ ഭക്തിപൂർവ്വം താണുവീണു ആചരിക്കുകയും പതിവായിരുന്നു. പക്ഷെ റോമ്മാസാമ്രാജ്യവും സാമ്രാട്ടും ഇത്ര പ്രഭാവത്തോടുകൂടിയിരുന്ന കാലങ്ങളിൽ തന്നെ, സാമ്രാജ്യശ്രീക്കു് ആന്തരികമായി ഒന്നിലധികം വ്യാധികൾ പിടിപെട്ടിട്ടുണ്ടായിരുന്നു. ഈ വ്യാധികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു സന്മാർഗ്ഗക്ഷയമായിരുന്നു. സാധുക്കളായ വിദേശിയരെ ഞെരുക്കിപ്പിഴിഞ്ഞു് പണമുണ്ടാക്കുന്ന കാര്യത്തിൽ റോമ്മാക്കാർ ഒട്ടും മടിച്ചിരുന്നില്ല. അന്യായ പലിശയും കൈക്കൂലിയും ക്രമരഹിതമായ കരംചുമത്തലും അവിടെ ദിനംതോറും വർദ്ധിച്ചുകൊണ്ടുതന്നെവന്നു. ഇങ്ങനെ ലഭിച്ച പണം റോമ്മാക്കാർ അവരുടെ മൃഗീയസൌഖ്യങ്ങൾക്കുവേണ്ടിയാണു് ചെലവാക്കിയിരുന്നതു്. മയിൽക്കോഴിത്തല തുടങ്ങിയുള്ള അപൂർവ്വസാധനങ്ങളെക്കൊണ്ടുള്ള വിരുന്നുകളും, വജ്രവൈഡൂര്യങ്ങളും പട്ടുവസ്ത്രങ്ങളുംകൊണ്ടുള്ള അലങ്കാരങ്ങളും, നീചമായ പ്രാപഞ്ചികസുഖങ്ങളും അനുഭവിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽ റോമൻ പ്രഭുക്കൾ വളരെ ശുഷ്കാന്തി പ്രദർശിപ്പിച്ചുവന്നു. ഈ സമയത്തുതന്നെ സാമ്രാജ്യത്തിലെ പ്രജാസഞ്ചയം സ്വാതന്ത്ര്യരഹിതന്മാരും നിർദ്ധനന്മാരുമായി വശംകെട്ടുകയായിരുന്നു.

ഇപ്രകാരം ക്ഷയോന്മുഖമായ റോമ്മാസാമ്രാജ്യം അണയാറായ ദീപം പോലെ ചുരുങ്ങിയകാലത്തേക്കു് പ്രകാശിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു ലോകരക്ഷകനായ യേശുക്രിസ്തു ഭൂലോകജാതനായതു്. യൂദന്മാർ, റോമ്മാക്കാർ, യവനന്മാർ മുതലായി അക്കാലത്തുണ്ടായിരുന്ന സർവ്വ ജാതിക്കാരുടേയും ദുരാചാരങ്ങളെ ക്രിസ്തു എതിർത്തു. റോമ്മാക്കാർ ക്രൂരന്മാരും ഭോജനപ്രിയന്മാരുമായിരുന്നു. ക്രിസ്തുവാകട്ടെ ഉപവാസത്തേയും ശാന്തശീലത്തേയും ഉപദേശിച്ചു. ഗ്രീക്കുകാർ വ്യഭിചാരികളും അവിശ്വാസികളുമായിരുന്നു. ക്രിസ്തു അതിനു വിപരീതമായി ശുദ്ധതയേയും ദൈവവിശ്വാസത്തേയും പഠിപ്പിച്ചു. ഇതുമെന്യേ ക്രിസ്തു യൂദന്മാരുടെ കാപട്യത്തേയും ഹൃദയമാലിന്യത്തേയും ആക്ഷേപിച്ചു എന്നു മാത്രമല്ല താൻ യൂദന്മാരുടെ രാജാവാണെന്നും സാക്ഷാൽ ഈശ്വരപുത്രനാണെന്നുംകൂടി വെളിപ്പെടുത്തി. യൂദന്മാരാകട്ടെ, അവരുടെ റോമൻ ഭരണകർത്താക്കളാകട്ടെ ഇതു സ

ഹിച്ചില്ല. അവർ ക്രീസ്തുവിനെ രാജദ്രോഹക്കുറ്റത്തിന്മേൽ പിടിച്ചു. അക്കാലത്തെ നീചശിക്ഷയായിരുന്ന കുരിശുമരണത്തിനു വിധിക്കുകയും ചെയ്തു.

പക്ഷെ ക്രിസ്തുവിനെ വധിച്ചതുകൊണ്ടു ക്രീസ്തുമതം ഇല്ലാതായില്ല. അതിനാൽ ക്രിസ്ത്യാനികൾക്കെതിരായി രാജ്യനിയമങ്ങൾ പാസ്സാക്കപ്പെട്ടു. തന്മൂലം പലേ ക്രിസ്ത്യാനികൾ മരിക്കേണ്ടതായി വന്നുകൂടി. ഒരാളെ കല്ലെറിഞ്ഞുകൊന്നു. അന്യനെ തിളച്ച എണ്ണയ്ക്കകത്തു പിടിച്ചിട്ടു; വേറൊരാളെ ഇരിമ്പുകട്ടിലിന്മേൽ കിടത്തി മീതെ തീയുമിട്ടു. എങ്ങനെയായാലും മരിച്ച ക്രിസ്ത്യാനികളുടെ രക്തം ശേഷിച്ചവർക്കു ധൈര്യത്തേയും സ്ഥൈര്യത്തേയും കൊടുത്തതേയുള്ളു. അക്കാലത്തു ജീവിച്ചിരുന്ന ക്രിസ്ത്വേതരനായ ടാസിറ്റസ് (Tacitus) എന്ന പ്രസിദ്ധ ചരിത്രകാരനു് ഈ "മിഥ്യാമത"ത്തിന്റെ അഭിവൃദ്ധി കണ്ടിട്ടു് വലിയ അത്ഭുതം തോന്നിയതായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

ക്രിസ്തുമതത്തോടു തുടങ്ങിയ ഏതാദൃശ ഉപദ്രവങ്ങൾ ക്രമേണ കുറഞ്ഞുവന്നു. ക്രിസ്തുമതത്തിന്റെ പരമ ശത്രുവായിരുന്ന സവുൾ എന്ന റോമൻ യോദ്ധാവുതന്നെ അതിന്റെ ഒരു വലിയ പ്രേഷകനായിത്തീൎന്നു. ഇദ്ദേഹമാണല്ലൊ വിശുദ്ധ പൌലോസ് അപ്പസ്തോലൻ. ഇതുപോലെതന്നെ കൊൺസ്റ്റന്റൈൻ ചക്രവൎത്തിയും നാലാം ശതാബ്ദത്തിൽ മനസ്സുതിരിഞ്ഞു ക്രീസ്തുമതം അനുസരിച്ചു. ഒരു യുദ്ധത്തിൽ വിജയം കിട്ടുന്നതിനായി അദ്ദേഹം ക്രിസ്ത്യാനികളുടെ ദൈവത്തോടു പ്രാൎത്ഥിച്ചതായും തൽഫലമായി ആകാശത്തിൽ ഒരു കുരിശും അതിന്റെ താഴെ "ഈ അടയാളത്തിൽ നീ ജയിക്കും" എന്നുള്ള ലിപികളും അദ്ദേഹം കണ്ടതായും ഒടുവിൽ അത്ഭുതകരമാംവണ്ണം അദ്ദേഹം ജയംപ്രാപിച്ചതായും ചരിത്രം ഘോഷിക്കുന്നു. ഇദ്ദേഹം മാനസാന്തരപ്പെട്ടശേഷം റോമ്മാ നഗരം വിട്ടു കരിങ്കടൽ തീരത്തു പോയി കൊൺസ്റ്റന്റിനോപ്പിൾ പട്ടണം സ്ഥാപിച്ചു വാണിരുന്നു. റോമ്മാ പട്ടണമാകട്ടെ വി. പത്രോസിന്റെ അനന്തരഗാമികളായ മാർപ്പാപ്പാമാരുടെ ആസ്ഥാനമെന്നുള്ള നിലയിൽ ലോകത്തിലെ മുഖ്യ ക്രൈസ്തവ കേന്ദ്രസ്ഥാനമായി പരിലസിക്കുകയും ചെയ്തു.

ക്രിസ്തുമതത്തിനു് റോമ്മാ ചക്രവൎത്തികളിൽനിന്നു കിട്ടിയ ഈ ചെറിയ വിജയത്തിനു താമസിയാതെതന്നെ വിഘ്നങ്ങളും നേരിട്ടു. ജൂലിയാൻ എന്ന ചക്രവൎത്തി റോമ്മാക്കാരുടെ പൂൎവ്വമതം പുനഃസ്ഥാപിക്കുവാൻ ഭഗീരഥ പ്രയത്നം ചെയ്തു. ക്രിസ്ത്യാനികളെ കഴിയുന്ന വിധത്തിലെല്ലാം ഉപദ്രവിക്കുവാൻ ഇയാൾ ഉദ്യമിച്ചു. കല്ലിന്മേൽ കല്ലു ശേഷിക്കയില്ലെന്നു മ്ശിഹാ ഏതു ദേവാലയത്തെക്കുറിച്ചു പ്രവചിച്ചിരുന്നോ, ആ ജെറുശലേം ദേവാലയം വീണ്ടും പണി കഴിപ്പാൻ ചക്രവൎത്തി കല്പനയായി. പണി തുടങ്ങിയ അവസരത്തിൽ ഭൂഗൎഭത്തിൽനിന്നു അഗ്നിജ്വാലയും പുകയും ഇടതൂൎന്നു വന്നതുമൂലം പണി നിൎത്തേണ്ടതായി വന്നുകൂടി. ദുൎബ്ബുദ്ധികളായ ചക്രവൎത്തികളുടെ ഉപദ്രവങ്ങളിൽനിന്നൊക്കെയും ക്രിസ്തീയസഭ ഒടുവിൽ ഇങ്ങനെ വിജയം പ്രാപിക്കുകയാണുണ്ടായതു്.

അഞ്ചു, ആറു് ഈ നൂററാണ്ടുകളിൽ റോമ്മാ സാമ്രാജ്യം ക്രമേണ അധഃപതിച്ചു. അപരിഷ്കൃതന്മാരായ ജൎമ്മൻ ജാതിക്കാരും ഏഷ്യാക്കാരും യൂറോപ്പിനെ പിടിച്ചടക്കി ഭരിച്ചുവന്നു. ഇററലി, സ്പെയിൻ തുടങ്ങിയുള്ള രാജ്യങ്ങളിലെ ക്രിസ്തുമതത്തെ ഇല്ലായ്മ ചെയ്യുന്നതിനും ഇവർ ശ്രമിക്കാതിരുന്നില്ല. പക്ഷെ റോമ്മയിൽനിന്നും മാർപ്പാപ്പാമാർ ഇവരെ മനസ്സുതിരിക്കുന്നതിലേക്കു് മിഷ്യനറിമാരെ അയച്ചു. ഈ വഴിക്കു ക്രിസ്ത്യാനികളുടെ പരമശത്രുക്കൾ മതതീക്ഷ്ണതയുള്ള ക്രിസ്ത്യാനികളായിപ്പരിണമിക്കുകയുണ്ടായി. ഈ വൎഗ്ഗക്കാരുടെ നായകനായ പ്രസിദ്ധ കാറൽമാൻ ചക്രവൎത്തി (768–874) അനേക മെത്രാസനങ്ങളും സന്യാസ ഭവനങ്ങളും സ്ഥാപിക്കുകയും അവയ്ക്കു് ആവശ്യമുള്ള സ്ഥലങ്ങൾ കരമൊഴിവായി

കൊടുക്കുകയും ചെയ്തു. ഇതയും പ്രസ്താ
വിച്ചതുകൊണ്ടു് ക്രൈസ്തവമാൎഗ്ഗം യൂ
റോപ്പിൽ മാത്രമെ ഉണ്ടായിരുന്നുള്ളു എ
ന്നു വിചാരിച്ചുകൂടാ. പലസ്തീനാ, ഏ
ഷ്യാമൈനർ, പേർഷ്യാ, ഇന്ത്യാ, ചൈ
നാ ഈ ഭൂഭാഗങ്ങളിലേല്ലാം ക്രിസ്തീയ
മാൎഗ്ഗം ആദ്യകാലം മുതൽ വ്യാപിച്ചി
രുന്നു എന്നുള്ളതു നിർവിവാദമാണു്. എ
ന്നു മാത്രമല്ല പൌരസ്ത്യ സഭ പാ
ശ്ചാത്യ സഭയെക്കാൾ ഏററം ഉപരി
യായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നു
വെന്നും ഓൎത്തിരിക്കേണ്ടതാണു്. ക്രിസ്തു
വിന്റെ ഈദിഗ്ജയത്തിൽനിന്നു ക്രൈ
സ്തവസഭ ആദ്യം മുതൽ 'കത്തോലിക്ക'
അഥവാ സാൎവ്വത്രികമായിരുന്നു എന്നുള്ള
തു് വിശദമാണല്ലൊ.

കെ. ഇ. ജോബ്,
എം. ഏ. എൽ. ററി.

## ലൂർദിലെ അമലോൽഭവ ദൈവജനനി.

ഒരു അസാധ്യ വ്യാധിയാൽ അന്ത്യ പതനത്തിൽ എത്തിയിരുന്ന ബർസലോനിയാക്കാരിയായ ജോസെഫിൻ വെൻത്തുരജ്ജലിയ എന്ന സ്ത്രീ കഴിഞ്ഞ ജൂൺ മാസത്തിൽ ലൂർദിലെ അത്ഭുത ജലാശയത്തിൽ വച്ചു് അത്ഭുതമായി സുഖം പ്രാപിച്ച വൎത്തമാനം ഇതിനിടെ എല്ലായിടത്തും അറിയപ്പെട്ടിട്ടുണ്ടു്. നാല്പത്തഞ്ചു വയസ്സു പ്രായമുള്ള പ്രസ്തുത സ്ത്രീ രോഗാധീനയായി നിരന്തരം ഏഴു സംവത്സരത്തേക്കു് തന്റെ കിടക്കയിൽത്തന്നെ കഴിച്ചുകൂട്ടി വരികയായിരുന്നു. ഇടവിടാതുള്ള ഛർദ്ദിയും മററു സുഖക്കേടുകളും നിമിത്തം ഭക്ഷണപദാൎത്ഥങ്ങൾ ഒന്നുംതന്നെ അനുഭവിക്കുന്നതിന്നു അവൾ അശക്തയായിത്തീൎന്നു. കടശി അമലോത്ഭവ ദൈവജനനിയിൽ ശരണംവച്ചുകൊണ്ടു ബർസലോനിയായിൽനിന്നു ലൂർദിലേക്കു പുറപ്പെട്ട ഒരു വലിയ തീൎത്ഥയാത്രാ സംഘത്തോടൊന്നിച്ചു ജൂൺ ൧൯-ാംനു-നമ്മുടെ ദീനക്കാരിയും ലൂർദിൽ ചെ



നുചേൎന്നു. എന്നാൽ ഇവൾ അന്തിമഘട്ടത്തിൽ എത്തിയിരിക്കുന്നുവെന്നു് അവളുടെ സഹതീൎത്ഥയാത്രക്കാർ കണ്ടു്, ഒരു വൈദികനെ വരുത്തി അവൾക്കു അന്ത്യകൂദാശകൾ ഒക്കെയും കൊടുപ്പിച്ചു. അനന്തരം ജൂൺ ൨൧-ാംനു- ഞായറാഴ്ച കാലത്തു പത്തുമണിക്കു അത്ഭുതകരമായ ജലാശയത്തിലേക്കു അവൾ കൊണ്ടുപോകപ്പെട്ടു തീൎത്ഥജലത്തിൽ സ്നാനപ്പെട്ടുകഴിഞ്ഞയുടനെ അവിടെനിന്നു് അവൾ പരസഹായംകൂടാതെ പൂൎണ്ണ സുഖത്തോടെ വെളിക്കു വന്നെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. അത്ഭുത രോഗ ശമനങ്ങളെ പരീക്ഷിച്ചു രേഖപ്പെടുത്തുന്നതിലേക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭിഷഗ്വരന്മാരുടെ പക്കലെല്ലാം അവൾ മൊഴി കൊടുത്തു. ജൂൺ ൨൧. ൨൨. എന്ന തീയതികളിലായി വിദഗ്ധന്മാരായപല ഡോക്ടർമാരാൽ ഏററം കഠിനമായി അവൾ പരിശോധിക്കപ്പെടുകയുണ്ടായി. അവളുടെ ക്ഷയരോഗഖ

ക്ഷണങ്ങൾ എല്ലാം അവളെ വിട്ടുമാറിയിരുന്നു. മാത്രമല്ല അവളുടെ സ്വരം, ദീപനാശക്തി മുതലായ മററെല്ലാ അടയാളങ്ങളും അവൾ പൂർണ്ണസുഖം പ്രാപിച്ചതായി സാക്ഷ്യം വഹിക്കുന്നെന്നു ഡോക്ടർമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. വൈദ്യ വിദഗ്ദ്ധന്മാർ ഈ അത്ഭുതകരമായ സംഗതിയിൽ ഒരു പ്രത്യേക ഔൽസുക്യം പ്രദർശിപ്പിക്കയും അവളുടെ ദീനശമനം ഒരു പുനർജ്ജീവനാണെന്നു് പ്രസ്താവിക്കയും ചെയ്തു. ഇതു പ്രതിമാസം ലൂർദ്ദിൽനടന്നുവരുന്ന അനവധി അത്ഭുതങ്ങളിൽ ഒന്നെന്നേ പറവാനുള്ളു. പതിനായിരത്തിൽപ്പരം തീർത്ഥയാത്രക്കാർ, അമലോത്ഭവ ദേവമാതാവിന്റെ ഈ അത്ഭുതകൃത്യത്തിനു ദൃക്സാക്ഷികളാണു്.

ഫാദർ ജോർജ്ജ് ടി. ഒ. സി. ഡി.

## ജൂബലി വത്സരം.

II.

(തുടർച്ച)

ജൂബിലി, പൊതുവായതു് അല്ലെങ്കിൽ വലിയതെന്നും, പ്രത്യേകമായതു അല്ലെങ്കിൽ ചെറിയതെന്നും ഇങ്ങിനെ രണ്ടുതരം ഉണ്ടു്.

പൊതുവായതു് ലോകം ഒട്ടുക്കുള്ളതാകുന്നു. ഇതു ഇപ്പോൾ 25-ാംവൎഷം തോറുമാകുന്നു നൽകുമാറുള്ളതു്. സാൎവ്വഭൗമമായ ഈ ജൂബിലിയെക്കുറിച്ചാണു് ഇവിടെ വിവരിപ്പാൻ ഉദ്ദേശിക്കുന്നതു്.

പ്രത്യേകമായതു്, ഒരു ദേശത്തിന്നൊ, ഒരു രൂപതയ്ക്കോ, ഒരു നഗരത്തിന്നൊ വല്ലൊരു പ്രത്യേക സംഗതിവശാൽ കല്പിച്ചുനൽകുന്നതാണു്. ഇതു പരിശുദ്ധ പിതാക്കന്മാരുടെ മഹത്വീകരണാവസരങ്ങളിലും, തിരുസഭക്കു അനന്യസാധാരണമായ ഏതെങ്കിലും ആനന്ദമോ അനൎത്ഥമോ നേരിടുമ്പോഴുമാണു നൽകുക.

ഉദാഹരണമായി വിശുദ്ധ യാക്കോ ശ്ലീഹായുടെ തിരുനാൾ പ്രമാണിച്ച് 'കംപസ്റ്റേല' എന്ന ദേവാലയത്തിലും, (1) വത്തിക്കാൻ ആകമാനസൂനഹദോസ് പ്രമാണിച്ചും (2) പരിശുദ്ധ പിതാവായ ൧൩-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സിലെ മഹത്വീകരണം പ്രമാണിച്ചും നൽകപ്പെട്ടതും, അതുപോലെതന്നെ ൧൮൮൧, (3) ൧൮൮൬, (4) ൧൯൦൧, (5) ൧൯൦൪ (6) എന്നീ വൎഷങ്ങളിൽ ഉണ്ടായിട്ടുള്ളതുമായ ജൂബിലികൾ (7) അസാധാരണ ജൂബിലികളത്രേ.

പൊതുജൂബിലി വത്സരത്തിൽ ഒന്നാമതായി റോമാപ്പട്ടണത്തിന്നു മാത്രവും അടുത്ത വൎഷം ലോകം ഒട്ടുക്കും ജൂബിലിദണ്ഡവിമോചനം നൽകുക വളരെ പുരാതനമായ പതിവാണു്. ഇതിന്റെ പ്രഥമോദ്ദേശം, ക്രൈസ്തവലോകത്തിന്റെ കേന്ദ്രമായ പരിശുദ്ധ പട്ടണത്തിലേക്കു വിശ്വാസികളഖിലരേയും ആകൎഷിക്കുന്നതിന്നും, മിശിഹായുടെ സഭയ്ക്കു് അതിന്റെ കാ

---

(1) ൧൮൬൯ ജൂൺ ൨൯-ലെ Act. S. Sedis, iv. p. 617

(2) ൧൮൭൯ ഫെ. ൧൫-ലെ – xi. p. 527

(3) ൧൮൮൧-ലെ ടി xiii. p. 422

(4) ൧൮൮൬-ലെ ടി xviii. p. 326

(5) ൧൯൦൧-ലെ ജൂബിലി ആറുമാസക്കാലത്തേക്കു ദീൎഘിപ്പിച്ചു Canonste p. 96.

(6) "Ad diem illorum" എന്ന എൻസൈക്ക്ളിക്ക് ലേഖനത്താൽ പ്രഖ്യാപനംചെയ്ത ൧൯൦൪ ഫെബ്രുവരി ൨ാംനു-ലെ ജൂബിലി ൩ മാസത്തേക്കായിരുന്നു.

(7) ചെറിയ ജൂബിലിക്കു അസാധാരണ ജൂബിലി എന്നും ദേശ്യജൂബിലി എന്നുംകൂടെ പേരുകൾ ഉണ്ടു്.

ണപ്പെടാവുന്ന ശിരസ്സായ പത്രോസിന്റെ അനന്തരവരോടുള്ള അദൃശ്യമായ ബന്ധത്തെ ദൃശ്യമാംവണ്ണം ദൃഢീകരിക്കുന്നതിന്നുമാണ്.

ജൂബിലിവത്സരത്തിൽ റോമാപട്ടണത്തിന്നുപുറമേ, മരിച്ചവക്കും അത്യാസന്ന മരണാവസ്ഥയിൽ ഇരിക്കുന്നവക്കുമായുള്ള ദണ്ഡവിമോചനങ്ങൾ ഒഴികെ മറെറല്ലാ ദണ്ഡവിമോചനങ്ങളും (8) സാധാരണയായി പിടിക്കപ്പെട്ടും. (9) എന്നാൽ മററു അവസരങ്ങളിൽ മരിച്ചവക്കു നൽകപ്പെടാത്ത ദണ്ഡവ മോചനങ്ങൾതന്നെയും ജൂബിലിവത്സരത്തിൽ അവക്കായി വിനിയോഗിക്കാവുന്നതാണ്.

ജൂബിലി ദണ്ഡവിമോചനം ലഭിക്കുന്നതിന്നു സാധാരണയായി ദേവാലയസന്ദശ്നനം, പാപസങ്കീത്തനം, ദിവ്യകാരുണ്യസ്വീകരണം എന്നിവ മൂന്നും കൂടിയേകഴിയൂ. (10) ഇവയുടെ അനുഷ്ഠാന ക്രമത്തെക്കുറിച്ച് ഒടുവിലത്തെ ഭക്തകൃത്യം ദൈവപ്രസാദ വരത്തിൽ നിറവേററണമെന്നല്ലാതെ മററു പ്രത്യേക നിബന്ധനകൾ ഒന്നുംതന്നെ ഇല്ല. യാതൊരുത്തൻ പാപസങ്കീത്തനത്തിന്നുശേഷം ദണ്ഡവിമോചന ലബ്ധിക്കായി നിയോഗിക്കപ്പെട്ടവ എല്ലാം ചെയ്തവസാനിപ്പിക്കുന്നതിനുമുമ്പ ചാവുദോഷത്തിൽവീണുപോയാൽ അയാൾ തന്റെ ഭക്തകൃത്യങ്ങളെ പുനരാവത്തിക്കേണ്ടയാവശ്യം ഇല്ല. പിന്നയൊ ഒടുവിലത്തെ ഭക്തകൃത്യം പൂത്തിയാക്കുന്നതിന്നുമുമ്പായി നല്ല കുമ്പസ്സാരത്താൽ ദൈവപ്രസാദവരം വീണ്ടുലഭിച്ചാൽ മാത്രം മതിയായിരിക്കുന്നു. (2)

ഓരോരുത്തനും താന്താങ്ങളുടെ സ്വന്ത ഇടവകയിൽ നിറവേററണമെന്നും നിബന്ധനയില്ല. താൻ അധിവസിക്കുന്നതൊ, കടന്നുപോകുന്നതോ ആയ ഏതു ദേശത്തിൽവെച്ചും കല്പിക്കപ്പെട്ടവയെ ചെയ്തുകൊണ്ടു ദണ്ഡവിമോചനം ലഭിക്കുവാൻ പാടുള്ളതാണ്. അപ്രകാരംതന്നെ ഒരു സ്ഥലത്തു ആരംഭിച്ചതു മറൊരുസ്ഥലത്തു അവസാനിപ്പിക്കുന്നതിലും വിരോധം ഒന്നുമില്ല. (3)

കുമ്പസാരക്കാക്ക തങ്ങളോടു കുമ്പസാരിക്കുന്നവക്കു ചെയ്വാൻ വഹിയാത്തതായ ഭക്തികൃത്യങ്ങളെ മറെറാന്നായി പകത്തി കല്പിക്കുന്നതിനു പാടുള്ളതാകുന്നു. (4)

എന്നാൽ 14-ാം ബെനദീക്തോസ് മാപ്പാപ്പായുടെ മുൻപ്രസ്താവിച്ച തിരുലേഖനത്താൽ ചെറുകുട്ടികൾക്കായല്ലാതെ കുമ്പസ്സാരവും ശുദ്ധ കുബ്ബാന ഉൾ

---

(8) ഉയിരവക്കായുള്ള ദണ്ഡവിമോചനങ്ങളിൽ പിടിക്കപ്പെടാത്തവ ഏവയെന്നു തിരിച്ചു അതാതു ജൂബിലിവത്സരത്തിൽ വിളംബരം ചെയ്തു പതിവുണ്ടു.

(9) ഭാഗ്യമോൎമ്മയുള്ള യോഗ്യനായ ൧൪-ാം ബനദീക്തോസ് മാപ്പാപ്പാ തിരുമനസ്സിലെ "Inter praeteritos" എന്ന തിരുലേഖനം. നംബർ ൭൬. ൭൯.

(10) അസാധാരണ ജൂബിലി ദണ്ഡവിമോചനലബ്ധിക്കു മേൽ പറയപ്പെട്ട മൂന്നിനും പുറമെ ഉപവാസവും ധമ്മവും കൂടെ ആവശ്യമായിരിക്കുന്നു.

(2) പരിശുദ്ധ പിതാവു 14-ാം ബെനദിക്തോസ് പാപ്പായുടെ "Inter praeteritos" എന്ന തിരുലേഖനം നംബർ 76. 79.

(3) ദണ്ഡവിമോചനങ്ങളെക്കുറിച്ചുള്ള തിരുസംഘത്തിന്റെ (S. Cong. Indulg.) 1759 നവംബർ 28-ാംനു-ലെ തീച്ച. Ap. Priy No: 244.

പെനിത്തൻസ്യാരിയ (Poenitentiaria) എന്ന തിരുസംഘത്തിൻേറയും ജൂബിലി ദണ്ഡവിമോചനങ്ങളെക്കുറിച്ചുള്ള 1875-ലെ നിശ്ചയം ഇതുതന്നെ ആയിരിക്കുന്നു. act S. Sedis VII. P. 486.

(4) കുമ്പസ്സാരക്കാരന്റെ 'ഒന്നു മറെറാന്നായി പകത്തൽ' കുമ്പസ്സാരസമയത്തല്ലാതെ അതിന്നു പുറമെ പാടുള്ളതല്ല.

(5) പെനിത്തൻസ്യാരിയ എന്ന തിരുസംഘത്തിന്റെ 1886 ജനുവരി 30-ാംനു-ലെ നിശ്ചയം അനുസരിച്ചു പല പ്രാവശ്യം ജൂബിലി ദണ്ഡവിമോചനം ലഭിപ്പാൻ ആഗ്രഹിക്കുന്നവക്കു ഒരിക്കൽ മാത്രമല്ല പലപ്രാവശ്യം തന്നെയും അവക്കു ചെയ്വാൻ സാധിക്കാത്ത ഭക്തകൃത്യങ്ങളെ സാധിക്കുന്ന ഏതെങ്കിലുമായി മാററി കല്പിക്കുന്നതിന്നു കുമ്പസ്സാരക്കാക്കു പാടുണ്ടു.

കൊള്ളല്വം മറേറതെങ്കില്വമായി പങ്കത്തി ക്രടാത്തതും, അതുപോലെതന്നെ ദേവാലയ്യ സന്ദർശനാവസരങ്ങളിൽ ചൊല്ലേണ്ടും ജപങ്ങൾ ഒഴിച്ചുക്രടാത്തതും ആകുന്നു. എന്നുവരികിലും, സന്ദർശനവും ജപവും തമ്മിൽ വേർതിരിക്കുന്നതിന്നു കുമ്പസ്സാരക്കാൎക്കു അനുവദിപ്പാൻ പാടുണ്ടു്. (5)

ഫാദർ പീററർ പുത്തൻപുരയ്ക്കൽ.

## ഗ്രീക്കുസഭയുടെ ആധുനികാവസ്ഥ.

കത്തോലിക്കാസഭയും ഗ്രീക്കു സഭയും തമ്മിലുള്ള പുനരൈക്യത്തെപ്പററി പരിശുദ്ധ പിതാവിനോട്ട് ആലോചിക്കുന്നതിനായി ഓർശ്ലത്തെ പാത്രിയൎക്കീസു ബാവാ ഒരു കമ്മീഷനെ റോമിലേയ്ക്കു അയക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായി ഈയാണ്ടാരംഭത്തിൽ ഒരു ഇററാലിയൻ പത്രം പ്രസ്താവിക്കയുണ്ടായി. ഈ സംഗതി ദമിയാനോസു പാത്രിയൎക്കീസിൻെറ മനോഭാവത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനു പുറമേ വളരെ പ്രാധാന്യത്തെ അർഹിക്കുന്നതുമാകുന്നു. പ്രസ്തുത കമ്മീഷൻ അനേകം നൂററാണ്ടുകളായിട്ടു ഗ്രീക്കു ശീശ്മക്കാൎക്കു ദൃശ്യമല്ലാതിരുന്ന സത്യവഴിയിലേക്കുള്ള പ്രയാണത്തിൻെറ ഒരു പ്രാരംഭവും, സത്യസഭയുടെ സംഖ്യാബലത്തിനു സാരമായ വിധത്തിൽ പററിയ പരുക്കിനു് ഒരു പ്രതിശാന്തിയുമായിരിക്കുമെന്നു പലരും പ്രതീക്ഷിക്കാതിരുന്നില്ല. ഇപ്പോഴത്തേതിൽ നിന്നു വളരെ വ്യത്യസ്തമായ സ്ഥിതിഗതികളിൽ ആയിരുന്നെങ്കില്വം ഇതിനു മുൻപു് രണ്ടുപ്രാവശ്യം ഇപ്രകാരമുള്ള പുനരൈക്യം ഉണ്ടാകയും രണ്ടു സഭകളും ആ യോജിപ്പിനെ അത്യധികം അഭിനന്ദിക്കയും സസന്തോഷം സ്വീകരിക്കയും ചെയ്തിട്ടുള്ളതാണല്ലൊ.

ഓർശ്ലമിലെ പാത്രിയൎക്കീസു ബാവായുടെ ഈ ഉദ്യമത്തിൻെറ മാഹാത്മ്യം എന്തുമാത്രമെന്നു ഗ്രീക്കുസഭയുടെ തല്ക്കാലസ്ഥിതി മനസ്സിലാക്കിയിരിക്കുന്നവൎക്കു് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണു്. ഈ സഭയ്ക്കു മുൻപുണ്ടായിരുന്ന പ്രതാപവും ശക്തിയും പാടെ നശിച്ചിരിക്കുന്നു. അനേക കാലമായിട്ടു് അതിൻെറ ശ്രേയസ്സിനു കാരണമായിരുന്ന രാജകീയ സഹായം ഇപ്പോൾ ഇല്ലാതായിത്തീൎന്നിരിക്കുന്നു. അതിൻെറ ധനസ്ഥിതിയും അത്ഭുതപൂൎവ്വമായ വിധം പരുങ്ങലിൽ ആയതുകൊണ്ടാണു് പലസ്തീനായിലെ ബ്രിട്ടീഷ് അധികാരികൾ ഗ്രീക്കുസഭ കൊടുത്തുതീൎക്കേണ്ടതായ ഭീമമായ കടങ്ങൾക്കു് ഒരവധി നൽകുകയും, സകല മുതലും നശിക്കാതെ കഴിയുന്നിടത്തോളം മിച്ചമുണ്ടാക്കി എടുക്കുന്നതിനു് ഒരു കമ്മീഷനെ നിയോഗിക്കയും ചെയ്തതു്. ആദായത്തിനുള്ള സകല മാൎഗ്ഗങ്ങളും അവിടെ അവസാനിച്ചിരിക്കുന്നു. കോൻസ്റ്റന്തിനോപ്പിളിലെ പാത്രിയൎക്കീസു് ആ സ്ഥലം വിട്ടുപോകേണ്ടതായും, മെയ്മാസത്തിൽ ഓർശ്ലമിൽ ക്രടണമെന്നു നിശ്ചയിച്ചിരുന്ന സഭ മാററിവയ്ക്കേണ്ടതായും വന്നുക്രടി. പത്തുശതാബ്ദങ്ങൾക്കുമൻപു് പരിശുദ്ധ സിംഹാസനത്തിൽനിന്നു സിദ്ധിച്ചിരുന്ന ബലവത്തരമായ അനുഗ്രഹവും സംരക്ഷണവും ഉപേക്ഷിച്ചതിൻെറ ഫലമായി ഗ്രീക്കുസഭ സാമ്രാജ്യാധിപതികൾക്കു് ഒരു അടിമയായിത്തീരുകയാണു് ചെയ്തതു്. ഇപ്പോൾ അതിനുണ്ടെന്നു പറയുവാൻ ചില വിശ്വാസ തത്വങ്ങൾ മാത്രമെയുള്ളൂ. എന്നാൽ പ്രോട്ടസ്റ്റൻറുകാരുമായുള്ള അടുപ്പം നിമിത്തം ഇവയും താറുമാറായിരിക്കയാണു്. ഗ്രീക്കുസഭയുടെ ബുദ്ധിമാന്മാരായ അംഗങ്ങൾ റോമിനോടുള്ള ഐക്യമാണു് ഈ അവസരത്തിൽ രക്ഷാമാൎഗ്ഗമായി ശേഷിച്ചിട്ടു

ള്ളതെന്നു സമ്മതിക്കാതിരിക്കുന്നില്ല. നാശക്രമപത്തിലായിരിക്കുമ്പോൾ, ശേഷിച്ചിരിക്കുന്ന തങ്ങളുടെ വിശ്വാസത്തെ എങ്കിലും നിലനിറുത്തുന്നതിനുള്ള ഏകമാർഗ്ഗം ഇതുതന്നെയാണെന്നു പലക്കും ബോദ്ധ്യമായി വരുന്നുണ്ടു്. രണ്ടു സഭകളുംതമ്മിൽ അന്യോന്യം വിരുദ്ധത്തിനുള്ള സംഗതികൾ അത്ര അധികമൊന്നും ഇല്ലെന്നുള്ളതു പുനരൈക്യത്തെ അത്യന്തം ലഘൂകരിക്കുന്നുമുണ്ടു്. തമ്മിലുള്ള ഈ വേർപാടു് ഇത്ര നീണ്ടുനിന്നതു് വെറും തഴക്കംകൊണ്ടല്ലാതെ തത്വങ്ങളിലുള്ള ഗണ്യമായ വ്യത്യാസംകൊണ്ടല്ലെന്നുള്ളതു പ്രത്യേകം സ്മരണീയമായിരിക്കുന്നു. തീക്ഷ്ണതയോടെ യോജിപ്പാനായി ഉദ്യമിക്കയും നിർമ്മത്സരബുദ്ധിയോടെ പ്രയത്നിക്കയും ചെയ്യുന്നപക്ഷം ഈ ഐക്യം ഇനിയും അനായേസേന പ്രാപിക്കാവുന്നതായിട്ടാണിരിക്കുന്നതു്.

ഗ്രീക്കുസഭയുടെ ഇന്നത്തെ പരിതാപകരമായസ്ഥിതി അതിന്റെ വേർപാടു് ഒന്നുകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതാണു്. കത്തോലിക്കാ സഭയോടു യോജിച്ചുനിന്ന കാലത്തിൽ എത്രയോ വലിയ പ്രതാപത്തിലാണു് അതു് സ്ഥിതിചെയ്തിരുന്നതു്. ശാസ്ത്രജ്ഞന്മാരാൽ അലങ്കരിക്കപ്പെട്ടും, പുണ്യാത്മാക്കളാൽ പാവനമാക്കപ്പെട്ടും പ്രസ്തുത സഭ ലോകാന്ധകാരത്തിൽ പ്രകാശക്കതിരുകളെ വീശിയിരുന്നു. അതിന്റെ ആലോചനാസഭകൾ ദൈവാരൂപിയാൽ നിറയപ്പെട്ടിരുന്നു. അതിലേ സന്യാസസഭകളിൽ പുണ്യസാംശോപാംശം പരിപൂർണ്ണമായി വിളങ്ങിയിരുന്നു. എന്നാൽ കത്തോലിക്കാ സഭയിൽനിന്നുള്ള വേർപാടിനുശേഷമാകട്ടെ ഗ്രീക്കുസഭയുടെ സകല പ്രതാപങ്ങളും നശിച്ചു. ബോധജ്ഞാനവും ജീവനും അതിനെ വിട്ടിരിക്കുന്നു. ഒർശ്ലേം പട്ടണത്തിന്റെ അധോഗതിയെപ്പററിയുള്ള പ്രവചനം ഗ്രീക്കുസഭയിൽ നിറവേറിയെന്നു തോന്നുമാറു് ആ സഭയുടെ സ്ഥിതി അത്ര പരിതാപകരമായിരിക്കുന്നു. സകല ശക്തിയും ക്ഷയിച്ചു് അന്ധകാരത്തിലേയ്ക്കു കാൽ നീട്ടുന്ന ഈ അവസരത്തിൽ അതു് വീണ്ടും വെളിച്ചത്തിലേയ്ക്കു പിൻതിരിയുന്നതിനു നാം ഹൃദയപൂർവ്വം പ്രാർത്ഥിക്കേണ്ടതാകുന്നു.

പുനരൈക്യത്തിനുള്ള ഏകമാർഗ്ഗം സത്യത്തിൽനിന്നു വ്യതിചലിച്ച വഴിയേ പിൻതിരികയെന്നുള്ളതാണല്ലോ. ഗ്രീക്കുസഭ കത്തോലിക്കാസഭയിൽനിന്നു തന്നത്താൻ വേർതിരിഞ്ഞു. ഒരു പുനരൈക്യത്തിന്റെ സാധാരണ നിയമപ്രകാരംയാതൊന്നു പ്രധാനസ്ഥാനത്തുനിന്നു അകന്നുവോ അതു വീണ്ടും ആസ്ഥാനത്തേക്കു ചെന്നു ചേരണം. ശീശ്മകളും, ഇടത്തൂട്ടുകളും ഉണ്ടാകുമെന്നു വേദപുസ്തകം സാക്ഷിക്കുന്നു. കോറിന്ത്യാക്കാർക്കുള്ള ലേഖനത്തിൽ വിശുദ്ധ പൌലോസ്സ്, അവരുടെയിടയിൽ ശീശ്മകൾ ഉണ്ടെന്നും, ദുർമ്മതങ്ങൾ ഉണ്ടാകുമെന്നും എഴുതിയിരിക്കുന്നു. ശീശ്മകളും, ദുർമ്മതങ്ങളും ആവശ്യമാണെന്നാണു് അദ്ദേഹം പറയുന്നതു്. എന്തുകൊണ്ടെന്നാൽ യഥാർത്ഥ വിശ്വാസികൾ തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിത്തീരുന്നതിനു് അവ സഹായിക്കുന്നു. മ്ശിഹായുടെ ശൈശവത്തിൽ ദിവ്യദർശിയായ ശെമഓൻ ചെയ്ത പ്രവചനവും ഇതിനു ദൃഷ്ടാന്തമാണു്. അതായതു്, മ്ശിഹാ ഭിന്നതയുടെ അടയാളമാകുന്നുവെന്നും, അനേകംപേരുടെ വീഴ്ചക്കും, അനേകരുടെ ഉയർച്ചയ്ക്കും അദ്ദേഹം കാരണമാകുമെന്നും അദ്ദേഹം പ്രവചിക്കയുണ്ടായി. ഈ ഭിന്നത അദ്ദേഹത്തിന്റെ ജീവിതത്തിലും, പഠനത്തിലും മാത്രമല്ല, അദ്ദേഹത്താൽ സ്ഥാപിതമായ സഭയിലും ഉണ്ടായിരിക്കും. മത്സരബുദ്ധികളും അനുസരണയില്ലാത്തവരും അഹങ്കാരികളും ഉണ്ടായിരിക്കും. ഇതു് മനുഷ്യ സ്വഭാവത്തിനു സഹജവും ശീശ്മക്കു കാരണവുമാകുന്നു. ശീശ്മകൾക്കും മററും കാരണമാകുന്ന ഇപ്രകാരമുള്ള ആളുകൾ എപ്പോഴും ആവലാധിക്കാരും, ദൈവാരൂപിയുടെ അഭാവത്താൽ തന്നത്താൻ സത്യത്തിൽനിന്നു വ്യതിചലിക്കുന്നവരും ആകുന്നുവെന്നു് ഒരു പുണ്യാത്മാവു സമർത്ഥിച്ചിരിക്കുന്നു.

ഫ്ളൊറെൻൽ ലയൺസിൽവച്ചു കൂടിയ സൂനഹദോസിന്റെ പ്രധാനമായ

ഉദ്ദേശം പാശ്ചാത്യ സഭകളെയും പൌരസ്ത്യ സഭകളേയും കൂട്ടി യോജിപ്പിക്കുന്നതിനായിരുന്നു. ഉദ്ദേശിച്ച ഫലം ഉണ്ടാകയും ചെയ്തു. ഗ്രീക്കു പാത്രിയക്കീസന്മാർ സൂനഹദോസിൽ സന്നിഹിതരായി കത്തോലിക്കാ സഭയുടെ പരമാധികാരത്തെ അംഗീകരിച്ചു. ഗ്രീക്കു ചക്രവത്തിയും മെത്രാന്മാരും അയച്ച ലേഖനങ്ങൾ അവിടെ വായിക്കയും മാപ്പാപ്പായെ സകല വിശ്വാസികളുടെയും പിതാവായിട്ട് അവർ തദ്വാരാ അനുസരിക്കയും ചെയ്തു.

൧൪൩൯-ൽ ഫ്ലോറൻസിൽവച്ചും സഭകളുടെപൊതുവെയുള്ള ഐക്യത്തെ സ്ഥാപിച്ച് കത്തോലിക്കാ സഭയും ഗ്രീക്കുസഭയും തമ്മിൽ ഒരുടമ്പടി ചെയ്തുയുണ്ടായിട്ടുണ്ട്. റോമാ മാർപ്പാപ്പാ ലോകത്തിന്റെ നാനാഭാഗങ്ങളിൽ അധികാരിയും, വി. പത്രോസിന്റെ പിൻഗാമിയും, മ്ശിഹായുടെ വികാരിയും തിരുസഭയുടെ കാണപ്പെട്ട തലവനും ആകുന്നുവെന്നു അതിൽ സമ്മതിച്ചിട്ടുള്ളതാകുന്നു. എങ്കിലും നിർഭാഗ്യവശാൽ ആ പുനരൈക്യവും അധികം നീണ്ടുനില്ലാൻ ഇടയായില്ലെന്നല്ലെപറയേണ്ടു. ഏതായാലുംഅടിസ്ഥാനത്തിന്മേൽവീണ്ടും വന്നല്ലാതെ ശാശ്വതമായ ഉറപ്പു വിഭിന്ന സഭകൾക്കുണ്ടാകുന്നതല്ലെന്നു ഇ അകത്തോലിക്ക സഹോദരങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നതു ആശ്വാസപ്രദംതന്നെ.

എൽ. സി. ഐസക്ക് ബി. എ.

## ബെനിഞ്ഞാ കൊൺസൊലാത്താ.

ലോകത്തെ പാപത്തിൽ നിന്ന് ഉദ്ധരിക്കുന്നതിനായി ദൈവം മനുഷ്യനായി അവതരിക്കുകയും അവിടത്തെ പരിത്യാഗപൂർണ്ണമായ ബലിയാൽ തന്റെ മഹദ്വൃത്തി പരിപൂർത്തിയാക്കുകയും ചെയ്തു. എന്നാൽ, കാലഗതിയിൽ ദൈവാരൂപി മനുഷ്യരിൽ നാശോന്മുഖമാകുകയും, ലോകം പാപക്കുപത്തിൽ പുനശ്ച: കിടന്നുഴലുകയും ചെയ്യുന്നതു് കരുണാവാരിധിയായ ദൈവം തൃക്കൺപാർത്ത് അപ്പോഴപ്പോൾ ലോകോദ്ധാരണാർത്ഥം തന്റെ സൃഷ്ടികളെ അവിടുന്നു് നിയോഗിക്കാറുണ്ടു് എന്നുള്ളതിനു് ലോകചരിത്ര പരമ്പരതന്നെ ഉത്തമസാക്ഷ്യമാണല്ലോ. ദൈവസ്നേഹത്തിലും അങ്ങയോടുള്ള ഭക്തിയിലും മന്ദീഭവിച്ചിരിക്കുന്ന നമ്മുടെ ഈ കാലത്തെ ഗുണീകരിക്കുന്നതിനു് ലോകപ്രസിദ്ധയായ ഒരു "ചെറുകുസുമ"ത്തെപ്പോലെ തന്നെ തിരിഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാണു്, ഈലേഖനത്തിനു വിഷയമായ ബെനീഞ്ഞാകൊൺസൊലാത്താ എന്ന വിസിറ്റേഷൻ കന്യക. മനുഷ്യഹൃദയങ്ങളെ ഹാർദ്ദമായി നമ്മുടെ ദിവ്യരക്ഷകന്റെ ഹൃദയത്തോടു സംഘടിപ്പിക്കുന്നതിനു് ഉദ്യുക്തമാക്കുന്ന നിരവധി ലിഖിതങ്ങൾ ഈ സുകൃതിനിയായ കന്യക ലോകത്തിനു് പ്രദാനം ചെയ്തിട്ടുണ്ടു്. ഈ ലേഖനങ്ങൾ ഏതൊരുക്രിസ്തീയ ആത്മാവിലും നിസ്സീമമായ മനോവിശ്വാസം ഉദ്ദീപിപ്പിക്കുന്നതിനു ഏററം പററിയവയാണു്.

ക്രിസ്ത്വാബ്ദം ൧൮൮൫ ആഗസ്റ്റ് മാസം ൬-ാംനു ബെനിഞ്ഞാകൊൺസൊലാത്താ ഇററലിയിലുള്ള റൂറിനിൽ (Turin) ജാതയായി. മാമ്മോദീസായിൽ മറിയം ത്രേസ്യാ കൊൺസൊലാത്താ എന്ന നാമം സ്വീകരിച്ചു. സ്വഗൃഹത്തിൽ വച്ചുതന്നെ ഗണനീയമായ ഒരു ക്രിസ്തീയ വിദ്യാഭ്യാസം നമ്മുടെ കഥാനായികക്കു് ലബ്ധമായി. ഇവിടെ വച്ചുതന്നെയാണു്, തന്റെ ജീവിതത്തിൽ ആദ്യന്തം പൊതുവായി പ്രത്യക്ഷപ്പെടുന്ന ആ ഭക്തിതൈക്ഷ്ണ്യത്തിന്റെ സമ്പാദനം അവൾസാധിച്ചതും.

വിദ്യാഭ്യാസ കാലത്ത് ചപലകളും വിനോദപ്രിയകളുമായ സഖികളാൽ പരിവൃതയായിരുന്നപ്പോൾകൂടെയും അവളുടെ ഉഗ്രമായ ഭക്തിതീക്ഷ്ണത അശ്ശേഷം മന്ദീഭവിക്കാതെ പരിരക്ഷിച്ചുപോന്നു. ഈ ദൃഢഭക്തിയുടെ അതൃപ്തിയോടുകൂടി മനോരഞ്ജകമായ വിനയവുംകൂടി സംഘടിച്ചപ്പോൾ, അവൾ ഏവരുടെയും സ്നേഹബഹുമാനാദികൾക്ക് പാത്രീഭൂതയായി എന്നു പറയുന്നതിൽ അത്ഭുതത്തിന് അവകാശമില്ല. അവൾ ദയാലുവും, വത്സലയും സഹിഷ്ണുവുമായിരുന്നെങ്കിലും ജുഗുപ്സാവഹമായ ഏതൊരുവക സഖിത്വത്തിൽനിന്നും മമതയിൽനിന്നും അവളെ പരിരക്ഷിച്ചിരുന്ന ഒരുവക ഗൌരവവും പ്രാഭവവും അവളുടെ മുഖകമലത്തിൽ സദാ പ്രശോഭിച്ചിരുന്നു. മാത്രമല്ല എല്ലാവക വിരസങ്ങളിൽ നിന്നും സ്വതന്ത്രയായി നമ്മുടെ കന്യകാരത്നം ഇതരന്മാർക്കു ശുശ്രൂഷ ചെയ്യുന്നതിൽ മാത്രമേ അഭിമാനവും സംതൃപ്തിയും കണ്ടെത്തിയിരുന്നുള്ളു.

കൊൺസൊലാത്താ അസാമാന്യ ബുദ്ധിവൈഭവമുള്ളൊരുബാലികയായിരുന്നു. അവളുടെ അദ്ധ്വാനങ്ങൾ അക്ഷീണമായ ശുഷ്കാന്തിയുടെയും പരിശ്രമത്തിന്റെയും ഫലമായി, എല്ലാംതന്നെ വിജയപര്യവസായികളായിത്തീർന്നു എന്നു പ്രസ്താവിക്കുന്നതിൽ അത്ഭുതപ്പെടാനില്ലതന്നെ. എന്നാലും സ്തുതിബഹുമാനങ്ങൾ അവളെ സ്പർശിക്കപോലും ഉണ്ടായിട്ടില്ല. പ്രത്യുത ഹീനതമങ്ങളും അധമതമങ്ങളുമായ ജോലികൾ ഭരമേല്ക്കുന്നതിൽ അവൾ അത്യുൽസുകയായിരുന്നു. ഈശോയ്ക്കുവേണ്ടി വല്ലതും സഹിക്കുന്നതിനുള്ള ആഗ്രഹാധിക്യത്താൽ അവൾ അവമാനങ്ങളെ സദാ ആരാഞ്ഞു അവയെ സഹിക്കുന്നതിൽ അനിതരമായ ക്ഷമയും മനോധൈര്യവും പ്രദർശിപ്പിച്ചിരുന്നു.

നന്നാ ചെറുപ്പമായിരിക്കുമ്പോൾ തന്നെ, കൃത്യനിഷ്ഠാപരവും ഉത്സാഹപൂർവ്വവുമായ അനുസരണയാൽ അവളുടെ സ്വാർത്ഥത്തെ പരിത്യജിക്കുന്നതായിരുന്നു അവളുടെ പ്രത്യേകാഭ്യസനം. അഭിപ്രായ വിരുദ്ധങ്ങളിൽ സ്വന്തമനസ്സിന്റെ പ്രേരകശക്തിയെ അവൾ നിഗ്രഹിച്ചിരുന്നവിധം കേവലം അതിശയനീയംതന്നെ. പുരുഷന്മാർക്കുള്ളത്ര മനോധൈര്യത്തോടുകൂടെ സ്വഭാവജല്പനങ്ങളോട് സദാ മത്സരിച്ചുകൊണ്ടാണ് അവൾ ജീവിച്ചുപോന്നത്. അവളുടെ പരിത്യാഗാരൂപിയുടെ മാററ് വീരപരമായ് അവളുടെ ആത്മശക്തിയാൽ പ്രത്യക്ഷീകൃതമായി. നമ്മുടെ കന്യകാമണിയുടെ വാത്സല്യസോദരൻ നന്നാ ചെറുപ്പത്തിലെ കഠിനമായ ഒരു രോഗത്താൽ ബാധിതനായി മരണം പ്രാപിച്ചപ്പോഴും, സർവ്വും പരിത്യജിച്ച് സന്യാസസഭാ പ്രവേശം ചെയ്യുന്നതിന് അവൾ ദൈവിക നിവേശത്താൽ പ്രേരിതയായപ്പോഴും, ഈശ്വരേച്ഛക്ക് പരിപൂർണ്ണമായി അധീനപ്പെട്ട് അവൾ ചെയ്ത പരിത്യാഗം പ്രത്യേകം ഗണനീയമായിരുന്നുവെന്നേ പറയാനുള്ളു. അങ്ങിനെ ഉദാരമതിയായ ഈ കന്യകാരത്നം അവളുടെ ആത്മമിത്രങ്ങളെയെല്ലാംവെടിഞ്ഞ് സ്വർഗ്ഗീയമായ ഒരു ജീവിതം നയിക്കുന്നതിനായി ഏകാന്തവാസസ്ഥാനമായ ഒരു വിസിറേറഷൻ കന്യകാമഠം തിരിഞ്ഞെടുത്തു. സ്വർഗ്ഗീയമായ നിർദ്ദിഷ്ട ഉദ്യമം സഫലീകൃതമാകുന്നതിനുവേണ്ടി സ്വതസ്സിദ്ധമായ തന്റെ ശീലവിശേഷങ്ങളേയും, കാര്യശേഷിയേയും, തൃണസമം കരുതി പ്രവർത്തിച്ചു. എന്നാൽ ഈ ദൃഢപരിത്യാഗത്തിൽ നിന്നും അവൾക്കു ലഭ്യമായ ഭാഗ്യം ഏററവും സ്പൃഹണീയമായ ഒന്നുതന്നെയായിരുന്നു. അവൾ വസിക്കുന്നതിന് നമ്മുടെ ദിവ്യരക്ഷകൻ തിരുച്ചിത്തമായ ആ സ്ഥലം, 'ആ പാറയുടെ ഗഹ്വരം,' 'ആ മാടപ്രാവിന്റെ കൂട്' ഇററലിയിൽ കോമോ (Como) എന്നസ്ഥലത്തുള്ള വിസിറേറഷൻ കന്യകാമഠമാണ് എന്ന് അവിടുന്ന് അവൾക്കു കാലേകൂട്ടി പ്രത്യക്ഷമാക്കി. എന്നാൽ, കോമോയിൽ ഒരു വിസിറേറഷൻ കന്യകാമഠം ഉണ്ടെന്നുള്ള വസ്തുതകൂടെ കൊൺസൊലാത്താ അതിനുമുമ്പ് ഗ്രഹിച്ചിരുന്നില്ല.

(തുടരും)

ഫാദർ ഗാബ്രിയേൽ സി. ഡി.

## തിരുഹൃദയഭക്തന്മാർ ൲൱൨-ാം ധനുമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### ഭരണാധികാരികളുടെ തെരഞ്ഞെടുപ്പ്.

ശരീരത്തിൻെറ ശരിയായ ഗുണം അതിന്നു് ജീവൻ കൊടുക്കയും അതിനെ വേണ്ടവിധം നയിക്കയും ചെയ്യുന്ന ആത്മാവിൽ സ്ഥിതി ചെയ്യുന്നതുപോലെ, ഓരോ സമുദായങ്ങളുടെ സാക്ഷാലുള്ള ഗുണം അതിൻെറ ഭരണം നിൎവ്വഹിച്ചുപോരുന്ന അധികാരികളിൽ സ്ഥിതി ചെയ്യുന്നു. "Forma societatis est auctoritas:" "സമുദായത്തിൻെറ ജീവൻ അധികാരമാണു" എന്നത്രെ തത്വശാസ്ത്രസിദ്ധാന്തം. ആകയാൽ സാമുദായിക ജീവിതത്തിൽ ഇത്ര സാരപ്പെട്ട ഭാഗമായ അധികാരത്തെ വഹിക്കുന്നവർ അഥവാ ഭരണധുരന്ധരന്മാർ സൽഗുണവാന്മാരായിരിക്കേണമെന്നു സ്പഷ്ടമായിരിക്കുന്നു. തന്നെത്താൻ ശരിയായി നടക്കാത്തവൻ അന്യരെ എങ്ങിനെ ശരിയായി നടത്തും? തന്നിമിത്തം ഭരണാധികാരികളായിട്ടും സാമുദായിക സേവകന്മാരായിട്ടും തെരിഞ്ഞെടുക്കപ്പെടുന്നവർ നാനാവിധ ഗുണങ്ങളാൽ അലംകൃതരായിരിപ്പാൻ ആവശ്യമായിരിക്കുന്നു. ഇതിനാൽ വോട്ടറന്മാർ അഥവാ തെരഞ്ഞെടുപ്പുകാർ തങ്ങളുടെ മനസ്സാക്ഷിപ്രകാരം നല്ല ആളുകളെ തെരഞ്ഞെടുപ്പാൻ കടപ്പെട്ടിരിക്കുന്നു. ഈ കാൎയ്യത്തിൽ കക്ഷിമത്സരവും മുഖദാക്ഷിണ്യവും സ്വാൎത്ഥതയും മുൻനിറുത്തി പ്രവൎത്തിക്കുന്നതു, മനുഷ്യസ്വാതന്ത്ര്യത്തെയും മനസ്സാക്ഷിയേയും മലിനപ്പെടുത്തുന്ന വലിയ അധൎമ്മമാണെന്നു താല്പരന്മാർ ധരിക്കേണ്ടതാകുന്നു. എന്നാൽ ഈ കാൎയ്യത്തിലുള്ള അശ്രദ്ധ ഇക്കാലത്തെ വലിയൊരു നാശമായിട്ടാണു് തീൎന്നിരിക്കുന്നതു്. ഇതു മൂലം ലോകത്തിൽ പൊതുവെ വലിയ സമാധാനക്കേടും കാലാന്തരത്തിൽ സമുദായങ്ങൾക്കു അപരിഹാൎയ്യമായ നഷ്ടവും വന്നുകൂടുന്നു. ഇപ്രകാരമുള്ള തത്വങ്ങൾ കുറെ മുമ്പുവരെ ശരിയായി ഗ്രഹിക്കുന്നതിനുപോലും നമ്മുടെ നാട്ടുകളിലെ ജനങ്ങൾ അപ്രാപ്തരായിരുന്നു. വിദേശങ്ങളിലെ ഭരണക്രമമെന്നുമാത്രം അതുകളെ പുറമേനിന്നു കരുതിപ്പോന്നിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ നാമും ഈ വിധ കാൎയ്യങ്ങളുടെ ഫലാഫലങ്ങൾ അനുഭവിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ആകയാൽ ഈവിധ തിന്മകൾ ഒഴിയുന്നതിലേക്കു സൽഗുണവാന്മാരെ ഭരണാധികാരികളായി തെരഞ്ഞെടുക്കാനും, തെരഞ്ഞെടുപ്പാൻ അധികാരമുള്ളവർ തങ്ങളുടെ മനസ്സാക്ഷിക്കനുരൂപമായി പ്രവൎത്തിക്കുന്നതിനും വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു.



## കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്

### 1. ഡൊമ്നിക്കസാവ്യോ.

XIV. ദൊമ്മിനിയുടെ ഭാഗ്യമരണം.

പ്രിയകുഞ്ഞുങ്ങളേ!

മാൎച്ച് മാസം ഒന്നാം തീയതിയാണല്ലൊ ഡോമ്നിക്കു് വിദ്യാലയത്തിൽനിന്നു രോഗിയായി സ്വഭവനത്തിലേക്കു കൊണ്ടുപോകപ്പെട്ടതു. യാത്രകൊണ്ടും, സ്ഥലം മാററം കൊണ്ടും അല്പം സുഖമുണ്ടായതുപോലെ കാണപ്പെട്ടു. എ

ങ്കിലും അതു് അധികം നീളിച്ചില്ല. ക്ഷീണവും വിശപ്പില്ലായ്മയും ഒന്നിനൊന്നു വൎദ്ധിച്ചു. ഉള്ളിൽ എന്തോ പഴുപ്പുതട്ടിയിട്ടുള്ളതായി ഡോക്ടർ തീരുമാനിച്ചതിനാൽ അതിലേക്കു പല ശസ്ത്രപ്രയോഗങ്ങൾതന്നെ ചെയ്യേണ്ടതായിവന്നു. ദിവ്യരക്ഷകന്റെ പങ്കപ്പാടുകളെ ഓൎത്തുകൊണ്ടും, അതേപ്പററി സംസാരിച്ചുകൊണ്ടും നമ്മുടെ പുണ്യബാലൻ ആ അവസരങ്ങളിൽ പ്രദൎശിപ്പിച്ചിരുന്ന ക്ഷമ കാണികളേയെല്ലാം ആശ്ചൎയ്യപ്പെടുത്തി. രോഗം വീണ്ടും വൎദ്ധിച്ചുകൊണ്ടുതന്നെവന്നു. മാതാപിതാക്കന്മാർ അതിയായി ദുഃഖിച്ചെങ്കിലും ഡൊമ്മിനിക്കു് അനല്പമായ സന്തോഷമാണുണ്ടായതു്. ഡൊമ്നിയുടെ അപേക്ഷപ്രകാരം പട്ടക്കാരനേ വരുത്തി അവസാനത്തെ കുമ്പസാരവും, തിരുപ്പാഥേയമായി ദിവ്യകാരുണ്യസ്വീകരണവും നടത്തി. ഉപകാരസ്മരണ കഴിഞ്ഞു ഡൊമ്നി പ്രസന്നവദനനായി ഇപ്രകാരം പറഞ്ഞു "ഇനി എനിക്കു സമാധാനമായി. നിത്യതയിലേക്കുള്ളയാത്രയ്ക്കു ഞാൻ പുറപ്പെടണമെന്നുള്ളതു തീൎച്ചതന്നെ. എന്റെ കൎത്താവു് അരികെ ഉണ്ടെങ്കിൽ ഇനിയൊന്നും ഭയപ്പെടാനില്ല. ഇതു എല്ലാവരോടും പറഞ്ഞേക്കുക: കൎത്താവു് അവരോടുകൂടെയുള്ളപക്ഷം അവർ മരണം പോലും ഭയപ്പെടേണ്ടതില്ല."

രോഗം വൎദ്ധിച്ചുതന്നെവന്നു. സുഖപ്പെട്ടേയ്ക്കുമെന്നു് ഡോക്ടർ ശരണം കാണിച്ചു. ഡൊമ്നിയാകട്ടെ സംശയലേശംകൂടാതെ മരണത്തേപ്പററി എല്ലാവരോടും സംസാരിച്ചു. മാൎച്ചുമാസം ഒൻപതാം തീയതിയായി. നമ്മുടെ പുണ്യബാലൻ നല്ലപോലെതെളിവും മുഖപ്രസാദവും പ്രദൎശിപ്പിച്ചു. ഒടുക്കത്തേ ഒപ്രുശു്മാ കൈക്കൊള്ളണമെന്നു ആവശ്യപ്പെട്ടു. ഏവരേയും അതിശയിപ്പിക്കത്തക്ക ഭക്തിപ്രകരണങ്ങളോടുകൂടെ ആ അന്ത്യകൂദാശയും നമ്മുടെ പുണ്യബാലൻ കൈക്കൊണ്ടു. പട്ടക്കാരൻ ചൊല്ലുന്ന പ്രാൎത്ഥനകൾക്കുള്ള ഉത്തരങ്ങളെല്ലാം ഡൊമ്നിതന്നെ ചൊല്ലി. പൂൎണ്ണദണ്ഡവിമോചനമുള്ള മാൎപ്പാപ്പായുടെ ആശീൎവ്വാദം മുതലായവയും കൈക്കൊണ്ടശേഷം, സ്നേഹപ്രകരണങ്ങളേ ചൊല്ലിക്കൊണ്ടും, കാണികൾക്കു സൽബുദ്ധിപറഞ്ഞുകൊടുത്തുകൊണ്ടും തന്റെ യാത്രയുടെ നേരത്തേ പ്രതീക്ഷിച്ചുകൊണ്ടു് ഡൊമ്മിനി കിടന്നിരുന്നു. അന്ത്യനേരത്തിനു ഒന്നരമണിക്കൂർമുമ്പായി അസ്തമനത്തോടെ പട്ടക്കാരൻ വീണ്ടുംവന്നു. "അച്ചാ ഞാൻ എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞുതരിക" എന്നു ഡൊമ്നി ആവശ്യപ്പെട്ടപ്പോൾ "നമ്മുടെ ദിവ്യരക്ഷകന്റെ പീഡാനുഭവങ്ങളേ ഓൎത്തു സമാധാനത്തിൽ കിടന്നുകൊള്ളുക" എന്നു പറഞ്ഞാശ്വസിപ്പിച്ചിട്ടു്, അല്പംതെളിവുകണ്ടതിനാൽ അദ്ദേഹം പിന്തിരിഞ്ഞു. അല്പം കഴിഞ്ഞപ്പോൾ വീണ്ടും ഭാവംപകൎന്നു— ഡൊമ്നി അപ്പനേവിളിച്ചു— 'എന്റെ ജപപ്പുസ്തകമെടുത്തു അന്ത്യകാലപ്രാൎത്ഥന ചൊല്ലണം" എന്നു കുട്ടി ആവശ്യപ്പെട്ടതിനോടേ അമ്മ നിലവിളിതുടങ്ങി. അപ്പൻ കണ്ണുനീരോടെ പ്രാൎത്ഥന ചൊല്ലി. മകൻ തെളിഞ്ഞ സ്വരത്തിൽ ഉച്ചരിച്ചു. "എന്നെന്നേയ്ക്കും നിന്റെ സ്തുതികളേപ്പാടുന്നതിലേക്കു നിന്റെ രാജ്യത്തിലേയ്ക്കു എന്നെ സ്വീകരിക്കണമേ" എന്നഭാഗം അപ്പൻചൊല്ലിയപ്പോൾ മകൻ ആഹ്ലാദത്തോടേ— "അതേ. അതാണു ഞാൻ ആഗ്രഹിക്കുന്നതു്" എന്നു ഉറച്ചസ്വരത്തിൽ പറഞ്ഞു. അനന്തരം അല്പനേരം മൌനമായിക്കിടന്നു. വീണ്ടും കണ്ണുതുറന്നു് ഒരു സ്വൎഗ്ഗീയപുഞ്ചിരിയോടുകൂടെ "ഹാ! എത്ര മനോഹരമായകാഴ്ച ഞാൻകാണുന്നു" എന്നു പറഞ്ഞു് തന്റെ കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടു അന്ത്യശ്വാസം വിടുകയും ചെയ്തു. മരിക്കുമ്പോൾ ഡൊമ്നിക്കു ൧൫ വയസ്സു പൂൎത്തിയായിരുന്നില്ല.

## II. ഈ മാസത്തെ മദ്ധ്യസ്ഥന്മാർ— കറയില്ലാത്ത കുഞ്ഞിപ്പൈതങ്ങൾ.

നമ്മുടെ ദിവ്യരക്ഷനാഥന്റെ പിറവിത്തിരുനാൾ കഴിഞ്ഞു മൂന്നാം ദിവസം— അതായതു ഡിസംബർ 28–ാംനു– തിങ്കളാഴ്ച തിരുസഭയിൽ ഒരു തിരു

നാൽ കൊണ്ടാടിവരുന്നുണ്ടു്— കുഞ്ഞിപ്പൈതങ്ങളുടെ തിരുനാളെന്നാണു സാധാരണ അതിന്നു പേരു പറഞ്ഞുവരുന്നതു. ഉണ്ണിമ്ശിഹായേ കൊല്ലുന്നതിന്നു അന്വേഷിച്ച കൂട്ടത്തിൽ ദുഷ്ടനായ ഹേറോദേസു രാജാവു കൊല്ലിച്ച എണ്ണമില്ലാത്ത ആ നിർമ്മല ശിശുക്കളുടെ ഓർമ്മ അന്നു കൊണ്ടാടപ്പെടുന്നു. ലോകരക്ഷയുടെ ഫലം ഒന്നാമതായി അനുഭവിപ്പാനിടയായ ആ കുററമററ ശിശുക്കളേ ഈ മാസത്തേയ്ക്കുള്ള നമ്മുടെ മദ്ധ്യസ്ഥന്മാരായി തിരഞ്ഞെടുത്തു് പ്രതിദിനം ഇടക്കിടക്കു അവരോടു പ്രാർത്ഥിക്കണം. ഉണ്ണിമ്ശിഹായ്ക്കു അവർ തങ്ങളുടെ ജീവനെത്തന്നെ കാഴ്ചകൊടുത്തു. പാപം ചെയ്യുന്നതിനേക്കാൾ മരിപ്പാൻ തയാറായിരിക്കുന്നുവെന്നുള്ള നമ്മുടെ പ്രതിജ്ഞയോടുകൂടെ ഉണ്ണിമ്ശിഹായ്ക്കു ഇക്കൊല്ലത്തേ പിറവിയുടെ സന്തോഷമായി നാം എന്താണു കാഴ്ചകൊടുക്കേണ്ടതു? ഈ മാസം ഒന്നാം തീയതി മുതൽ പിറവിത്തിരുനാൾവരേ ദിവസം പ്രതി നാല്പതു നന്മനിറഞ്ഞ മറിയം വീതം ചൊല്ലി ആയിരം നന്മനിറഞ്ഞമറിയം കൊണ്ടുള്ള ഒരുമുടി ദിവ്യഉണ്ണിയ്ക്കു കുഞ്ഞുങ്ങളെല്ലാവരും കാഴ്ചകൊടുക്കണം. ഹാ! പരിശുദ്ധഅമ്മ വഴിയായി പിറവി ദിവസം ഈ മുടി കുഞ്ഞുമക്കളെല്ലാവരും കാഴ്ചകൊടുക്കുമ്പോൾ ഉണ്ണിയ്ക്കുള്ള പ്രസാദം എത്രമാത്രമായിരിക്കും. കുഞ്ഞിപ്പൈതങ്ങൾക്കു കൊടുത്ത ആ നിത്യകിരീടം അവസാനത്തിൽ നമുക്കും താൻ തന്നരുളും. "വിശുദ്ധ കുഞ്ഞിപ്പൈതങ്ങളേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!".

## III. കെ. സി. സി ഏ. ഡയറി.

ഇന്നു ഇതെഴുതാൻ തുടങ്ങുമ്പോൾ തന്നെ കുഞ്ഞുമക്കളുടെ തുക നാലായിരം കഴിഞ്ഞിരിക്കുന്നു! പെൺകുട്ടികളും ആയിരം തികഞ്ഞിട്ടുണ്ടെന്നുള്ളതു പ്രത്യേകം സന്തോഷാവഹമാണു്. അധികം സ്ഥലം പതിച്ചിട്ടതുകൊണ്ടായില്ല; ഉള്ളതു നല്ലപോലെ ദേഹണ്ഡം ചെയ്യുന്നതിലാണു് വിജയം അടങ്ങിയിരിക്കുന്നതു്. അതിനാൽ ഡിസംബർ ഒന്നാംതീയതി കഴിഞ്ഞു പുതിയ സംഘങ്ങൾ ഒന്നും സ്വീകരിക്കുന്നതല്ല. ചേർന്നിട്ടുള്ളവരേയെല്ലാം ആകപ്പാടെ ഒന്നു ക്രമപ്പെടുത്തി ഒരു നല്ല നിലയിലാക്കുന്നതിനു നാം ഒത്തുചേർന്നു ശ്രമിക്കണം. വലിയകാര്യങ്ങൾ നിങ്ങളേകൊണ്ടു നമ്മുടെ നാട്ടിനുവേണ്ടി ചെയ്യിക്കുന്നതിനു ദൈവം അനാദിതൊട്ടു കരുതിയിരിക്കുന്നുവെന്നു തന്നെയാണു് എന്റെ പ്രതീക്ഷ. അതിനൊത്തവണ്ണമുള്ള തീക്ഷ്ണതയോടും ഒരുക്കത്തോടുംകൂടെ നിങ്ങൾ പുറപ്പെടുന്നപക്ഷം എന്തും സാധിക്കയും ചെയ്യും.

ബ. വികാരിയച്ചന്മാരുടെ സഹകരണത്തോടുകൂടെ അസാധാരണ യോഗങ്ങൾ പലടത്തും കേമമായി നടന്നു കാണുന്നതിൽ സന്തോഷിക്കുന്നു. തന്നിൽതന്നെ ഈവിധ ആഘോഷങ്ങൾക്കു വലിയ ശക്തിയില്ലെങ്കിലും സഭയുടെ പൊതുവേയുള്ള ജീവൻ നിലനിൎത്തിക്കൊണ്ടുപോകുന്നതിനു് ഇതും വളരെ ഉപകരിക്കും. പ്രവൃത്തി ജീവന്റെ ലക്ഷണമാണു്. ചലനമുണ്ടെങ്കിൽ മരിച്ചിട്ടില്ലഎന്നു മനസ്സിലാക്കാം. എന്നാൽ അതുകൊണ്ടുമാത്രമായില്ല. മാസംതോറുമുള്ളകുർബ്ബാനകൈക്കൊള്ളപ്പാടും, ആഴ്ചതോറുമുള്ള ജ്ഞാനവായനയും, കത്തോലിക്കാപ്രസിദ്ധീകരണ പ്രചാരത്തിലുള്ള ശ്രമവും തുടൎന്നുകൊണ്ടുപോകണം. നാം കുഞ്ഞുങ്ങളാണു; പലകുറവുകളുമുണ്ടാകും. അതുകണ്ടു ഒട്ടും അധൈര്യപ്പെടാനില്ല. ആരംഭത്തിൽ ന്യൂനതകൂടാതെയുള്ളതു ലോകത്തിൽ എന്താണുള്ളതു? ക്രമേണ ക്രമേണ മാത്രമാണു എന്തും അതിന്റെ പൂൎണ്ണാവസ്ഥയിലെത്തുന്നതും, എത്തേണ്ടതും.

ചില കുഞ്ഞുമക്കളുടെ കുഞ്ഞുബുദ്ധിയിൽ തോന്നിയ ഒരു വലിയകാര്യം ഇത്തവണ അറിയിപ്പാനുണ്ടു്. കുഞ്ഞുസംഘങ്ങൾക്കു പുസ്തകങ്ങൾ ശേഖരിക്കുന്നതിലേക്കും മററുംകൂടുതൽ വര

വിനുള്ള ഒരു മാർഗ്ഗമാണ അവൻ കാണിച്ചുതന്നിരിക്കുന്നത്. മനസ്സും സൗകര്യവും ഉള്ളവർ ഇതു പരീക്ഷിച്ചുനോക്കിയാൽ നന്നായിരിക്കുമെന്ന എനിക്കും തോന്നുന്നുണ്ട്. കത്തോലിക്കാ പ്രസിദ്ധീകരണ പ്രചാരത്തിലുള്ള നമ്മുടെ ശ്രമം പൂർണ്ണവിജയമായിത്തീരുകയും ചെയ്യും. നസ്രാണി ദീപികയും കർമ്മലകുസുമവും അതാതു സ്ഥലത്തെ കുഞ്ഞുസംഘങ്ങൾവഴിവില്പനനടത്തിക്കൊള്ളാമെന്നാണ് ചിലർ അഭിപ്രായപ്പെടുന്നതു. എന്നാൽ അതിലേക്ക തല്ക്കാലം ഞാൻ താഴെപ്പറയുന്ന വിധത്തിൽ ഒരേർപ്പാട്ട ചെയ്തിരിക്കയാണ. കുഞ്ഞുസംഘങ്ങളുടെ അടുത്തു ആർക്കെങ്കിലും നസ്രാണിദീപികയോ കർമ്മലകുസുമമോ ആവശ്യമുണ്ടെങ്കിൽ, മാസമൊന്നുക്കു ദീപികയ്ക്കു 12 അണയും, കുസുമത്തിനു ഒരണയുംവച്ചു കെ. സി. സി. ഏ അംഗങ്ങളിൽ ആരേയെങ്കിലും ഏൽപ്പിച്ചാൽമതി. സംഘാംഗങ്ങളാകട്ടെ, ദീപികയ്ക്കു രണ്ടണയും, കുസുമത്തിനു അരയണയും വീതം കൂട്ടത്തിട്ടു ബാക്കിയുള്ള സംഖ്യ സെക്രട്ടറിയേ ഏല്പിക്കണം. സെക്രട്ടറി ഈ തുകകളെല്ലാം കൂടെ തലേമാസം 25-ാംതീയതിക്കു മുമ്പു ഇവിടെ കിട്ടത്തക്കവണ്ണം എൻെറ പേൎക്ക അയച്ചുതരണം. ഇത്ര ദീപികയും, ഇത്ര കുസുമവും അയക്കണമെന്നു് മണിയോർഡർകൌപ്പനിൽ വിശദമായി എഴുതിയിരിക്കേണ്ടതാകുന്നു. അടുത്ത ഒരുമാസത്തേയ്ക്കു കുസുമവും ദീപികയും അപ്പഴപ്പോൾ ഒന്നാകെ സെക്രട്ടറിയുടെ മേൽവിലാസത്തിൽ അയച്ചുകൊടുക്കും. സെക്രട്ടറി ഉടനുടൻപണമേല്പിച്ച സഭാംഗങ്ങൾക്ക് അവയേകൊടുക്കുകയും, അവർ അതുകളെ ആവശ്യപ്പെട്ടഅതാതുമേൽവിലാസക്കാൎക്കെത്തിച്ചുകൊടുക്കയും ചെയ്യാൽ മതിയാകും. പിറേറമാസത്തേയ്ക്കു വേണ്ടതിനുള്ള പണം വീണ്ടും 25-ാംതീയതിക്കു അയച്ചുകൊള്ളുകയുംവേണം. പണം വരാതെ പത്രമാകട്ടെ മാസികയാകട്ടെ അയച്ചുകൊടുക്കുന്നതല്ലെന്നു മാത്രമല്ല, പണം കൊടുക്കുന്ന ഓരോ ആളുകളുമായി ഇവിടെ നേരിട്ടു യാതൊരു ഏർപ്പാടും ഉണ്ടായിരിക്കുന്നതുമല്ല. അതാതുമാസത്തേ മാസപ്പിരിവും ഇതോടൊന്നിച്ചു തന്നേ അയക്കത്തക്കവണ്ണം ഏർപ്പാടുചെയ്യുന്നതു സൗകര്യപ്രദമായിരിക്കുമല്ലൊ. ഇതിൻെറയും വിവരം കൃത്യമായി മണിയോർഡറിൽ കുറിക്കുന്നതിനു് ഓർമ്മവയ്ക്കേണ്ടതാണ്. ഒരു സംഘത്തിൽനിന്നു ഇങ്ങനെ ഏറെ പത്രമൊ ഏറെ മാസികയൊ ആവശ്യപ്പെടുന്നതായാൽ മേല്പറഞ്ഞതിനുപുറമെ ഓരോ പത്രവും മാസികയും അവൎക്ക സൌജന്യമായിട്ടും കൊടുക്കപ്പെടും. മാസാരംഭം മുതലല്ലാതെ ഇടയ്ക്കു ഒരിക്കലും അയച്ചുതുടങ്ങുന്നതല്ല. ആകയാൽ അടുത്ത ജനുവരിമാസം മുതൽ അയക്കേണ്ടതിനു ഈ മാസം 25-ാംനു-ക്കു മുമ്പു പണം അയച്ചിരിക്കേണ്ടതാകുന്നു.

❦ ❦ ❦

ബാഡ്ജുകൾ ഇപ്പോൾ മിക്കസംഘങ്ങൾക്കും തികഞ്ഞിട്ടുണ്ടെന്നു കരുതുന്നു. എല്ലാം ഒരേതരത്തിലായിരിക്കണമെന്നുള്ള കാര്യം ഒരിക്കൽകൂടി ഓർപ്പിച്ചുകൊള്ളുന്നു. ആണ്ടവസാനത്തിനു മുമ്പായി ജർമ്മനിയിൽനിന്നു മെഡൽ വന്നുചേരുമെന്നു പ്രതീക്ഷിച്ചിരിക്കയാണ്. ആദ്യം ആവശ്യപ്പെട്ടതിൽ കുറെ കൂടെ കൂട്ടതലിനു വീണ്ടും എഴുതിയതുകൊണ്ടായിരിക്കാം അല്പം താമസം നേരിടുന്നതു്. മെഡൽ വരുന്നതുവരെ എന്തെങ്കിലും കാശുരൂപം ബാഡ്ജിൽ ഇട്ടുകൊണ്ടാൽ മതിയെന്നു പറയേണ്ടതില്ലല്ലൊ. ഏതായാലും ഇവിടുത്തെ കുഞ്ഞുമക്കളുടെ ഒരു തിരുനാൾ അടുത്തിരിക്കുന്നതിനാൽ മാതൃകയ്ക്കായി അയച്ചിട്ടുള്ള ബാഡ്ജുകളെല്ലാം ഇനി ഒട്ടും താമസിപ്പിക്കാതെ അയച്ചുതരേണ്ടതാണ്. ഇനിയും മാതൃകയ്ക്കു കിട്ടിയിട്ടില്ലാത്തവർ അടുത്ത മണിയോർഡർ കൌപ്പണിൽ വിവരം കാണിച്ചാൽ അയച്ചുതരികയും ചെയ്യാം. മായാദീപപ്രദശനക്കാര്യം ആരും വിസ്മരിച്ചിരിക്കയില്ലല്ലൊ.

കടശി എല്ലാവൎക്കും പിറവിയുടെയും നവ വത്സരത്തിൻെറയും സന്തോഷം പറഞ്ഞുകൊണ്ടും പ്രാർത്ഥനയ്ക്കു ക്ഷണിച്ചുകൊണ്ടും നിറുത്തുന്നു.

എന്നു നിങ്ങളുടെ സ്വന്തംകൊച്ചച്ചൻ.

# മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

മുപ്പതിലധികം കൊല്ലമായി സുഖപ്പെടാതിരുന്ന എൻ്റെ പിതാവിൻ്റെ രോഗം വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടതിനു ഉപകാരസ്മരണ. വി. വി. കുഴുന്നാട്.

വി. അന്തോനീസിൻ്റെ മാദ്ധ്യസ്ഥതയാലും തിരുഹൃദയകാരുണ്യത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണചെയ്യുന്നു.

വി. കെ. കെ. ഉടുമ്പുംഞ്ചോല

കൊളമ്പിൽ കൊട്ടാൽ ഹൈവപള്ളിയിൽ വി. അന്തോനീസ്സിൻ്റേയും കടവൂർ വി. ഗീവറുഗീസിൻ്റേയും സഹായത്താൽ എൻ്റെ സഹോദരനു എളുപ്പം ജോലി കിട്ടിയതിൻ്റെ ഉപകാരസ്മരണ.

എഫ്. പി. സിലോൺ

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയിൽ എൻ്റെ സുഖക്കേടു നീങ്ങിയതിന് ഉപകാരസ്മരണ.

എം. റ്റി. ചിറക്കടവ്

വി. അന്തോനീസിൻ്റെ നവനാൾ പീഠത്തിലേക്കു എഴുതി അയച്ച അപേക്ഷ സാധിച്ചു കിട്ടിയതിനും എൻ്റെ മകൾ മെഡിക്കൽ കോളജിൽ പാസ്സായതിനും ഉപകാരസ്മരണ. കെ. എം. എൽ.

മൂന്നുവർഷമായി എന്നെ ബാധിച്ചിരുന്ന കാസരോഗം തിരുഹൃദയത്തിൻ്റെയും മാന്നാനത്തെ വി: യൌ: പിതാവിൻ്റെയും അനുഗ്രഹത്താൽ നീങ്ങിയതിനു നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു.

ദൈവമാതാവിൻ്റെ പ്രത്യേകസഹായത്താൽ ഒരു അസാദ്ധ്യകാര്യം സാധിച്ചുകിട്ടിയതിന്നു ഉപകാരസ്മരണ.

വി. എം. ജെ വെളിയനാട്ട്

തിരുഹൃദയത്തിൻ്റെ സഹായത്താൽ രോഗശമനം സിദ്ധിച്ചതിനു ഉപകാരസ്മരണ. കെ. ക. മാഞ്ഞൂർ.

# ചരമവാർത്ത.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പാലാവലിയപള്ളി ഇടവക മേനാമ്പറമ്പിൽ ക. നി. മൂ. സ. ബ. ഗർവ്വാസിസച്ചൻ്റേയും ബ. പ്രോത്താസീസച്ചൻ്റേയും മാതാവും ഫ്രാൻസിസ്കോസു മൂന്നാം സഭയുടെ ഒരു ശുഷ്കാന്തിയുള്ള അംഗവുമായ ശ്രീമതി ഏലീശാമ്മ നവംബർ ൧൩നു- ൬൭ വയസ്സ്.

അതിരമ്പുഴ പള്ളി ഇടവകക്കാരനും, മാന്നാനത്തു സ്ഥാപിച്ചിട്ടുള്ള കൊന്തസഭയുടെ ഒരു പ്രത്യേകശുഷ്കാന്തിക്കാരനുമായിരുന്ന കൊല്ലപ്പള്ളിൽ ഉതുപ്പു ദേവസ്യാ അവർകൾ നവംബർ ൧൪നു- ൬൭ വയസ്സ്.

തുണ്ടത്തുംകടവുപള്ളി ഇടവക ചക്കൃത്തു അവുസേപ്പു മകൾ അന്നക്കുട്ടി തുലാം ൨൩നു- ൨൨ വയസ്സു.

കൊററമത്തി നിലിശപം കരയിൽ ഞൊളിയിൽ വറിയ്ത കുഞ്ഞാപ്പു നവംബർ 7ാംനു- 55 വയസ്സ്.

കാഞ്ഞിരപ്പള്ളി ഇടവക കരിപ്പാപ്പറമ്പിൽ ശ്രീമതി മിഖേൽ മറിയാമ്മ നവംബർ 22-ാംനു- 67 വയസ്സ്.

# സിദ്ധൌഷധക്കുറിപ്പുകൾ.

കററാർവാഴയുടെ നീരും വെണ്ണയും സമം ഉരസിച്ചേർത്ത് പുരട്ടിയാൽ തീപൊള്ളൽ സുഖമാകുന്നതാണ്.

അധികം തണുപ്പുള്ള എണ്ണതേയ്ക്കുന്നത് അഗ്നിമാന്ദ്യത്തിന് കാരണമാകുമെന്നു കാണുന്നു.

തലേദിവസം ഉപ്പുവെള്ളത്തിലിട്ടുവെച്ച വെണ്ണനെയ് രാവിലെ എടുത്തു കഴിക്കുന്നത് ദീപനശക്തിക്കും, ആരോഗ്യത്തിനും, ശോധനയ്ക്കും നല്ലതാകുന്നു.

(ധന്വന്തരി.)

# കർമ്മലകുസുമം

## ഇരുപത്തിമൂന്നാം പുസ്തകത്തിന്റെ

## വിഷയാനുക്രമണിക.

പക്ഷം.


അകത്തോലിക്കരുടെ ശ്രദ്ധയ്ക്ക്. (ശ്രീമാൻ സി. അന്തപ്പായി ബി. ഏ.) 34
ആദ്ധ്യാത്മിക പുസ്തകങ്ങൾ. (ശ്രീമാൻ സി അന്തപ്പായി ബി ഏ.) 42
അഗുസ്തീനോസിന്റെ ആത്മഗതഭാഷണം. (റവ. തോമസ് പ്ലാക്കാട്ടു) 151
ആശീർവ്വാദലേഖനം. (മഹാ ദിവ്യശ്രീ കണ്ടത്തിൽ മാർ അഗുസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.) 29
ആർസിലെ വികാരിയച്ചൻ. (ശ്രീമാൻ പി. സി. കുര്യൻ ബി. ഏ.) 210
ഒരു സംഭാഷണം. (വന്ദ്യ ദിവ്യശ്രീ പി. കെ. അന്തോനി കത്തനാർ) 55
കത്തോലിക്കാസഭയും പാപികളും. (ശ്രീമാൻ സി. അന്തപ്പായി ബി. ഏ) 169
കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. (സ്വന്തം കൊച്ചച്ചൻ) 17, 64, 86, 107, 130, 152, 173, 195, 222, 245, 272
കാവൽമാലാഖാ കീർത്തനം. (ദിവ്യശ്രീ വടക്കയിൽ മത്തായി കത്തനാർ) 205
കുരിശിനോട് (പദ്യം) (ശ്രീമതി മേരി ജോൺ തോട്ടം) 11
കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ നിര്യാണം. (റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ) 141
കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ ശവസംസ്കാരം. (ദിവ്യശ്രീ കാപ്പിൽ കുര്യാക്കോസു ശ. പി. എച്ച് ഡി.) 163
കൊച്ചുത്രേസ്യാപുണ്യവതിയുടെ നാമകരണകർമ്മങ്ങൾ. (ദിവ്യശ്രീ കാപ്പിൽ കുര്യാക്കോസു ശ. പി. എച്ച് ഡി.) 143
കൊച്ചുത്രേസ്യാപുണ്യവതിയുടെ സ്വയംകൃതജീവചരിത്രം. (റവ. ഫാദർ മാത്യു പുതിയിടം.) 81, 97, 122, 190
ക്രിസ്തീയപ്രസിദ്ധീകരണപ്രചാരം. (ശ്രീമാൻ കെ. സി. വക്കി ബി. ഏ.) 102
ക്രിസ്തുവിന്റെ കടൽയാത്ര (പദ്യം) (ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ) 168
ക്രിസ്തുമസ്സ് കീർത്തനം. (ശ്രീമാൻ കട്ടോട്ടു സി. ജോർജ്ജ്) 257
ക്രിസ്തുവിന്റെ ദിഗ്വിജയം. (ശ്രീമാൻ കെ. ഇ. ജോബ് എം. ഏ. എൽ. ററി.) 263
ക്രിസ്ത്യേതരസഹോദരന്മാർ. (റവ. ഫാദർ തോമ്മസ് മണ്ണഞ്ചേരി.) 84
ക്രിസ്തോപദേശശതകം. (ഡാക്ടർ പി. ജെ. തോമ്മസ് എം. ഏ. ബി. ലിററ്) 57, 78, 89, 125
ഗ്രീക്കുസഭയുടെ അധുനികാവസ്ഥ. (ശ്രീമാൻ എൽ. സി. ഐസക്ക ബി. ഏ.) 258
ചരമകീർത്തനം. (റവ. ഫാദർ സൈമൺ സി. ഡി.) 139
ചോദ്യപ്പെട്ടി. റവ. ഫാദർ ജെയിംസ് കാളാച്ചേരി പി. എച്ച്ഡി. ഡി. ഡി.) 15, 36
ജപമാലപ്രാർത്ഥന. (റവ. ഫാദർ ജോൺ മണിയങ്കോട്ടു്) 207
ജൂബിലിവത്സരം. (പരേതനായ നി. വ. ദിവ്യശ്രീ കുര്യാളച്ചേരിൽ മാർതോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം.) 8
ജൂബിലിവത്സരം. (റവ. ഫാദർ പീററർ പുത്തൻപുരയ്ക്കൽ) 239, 266
തിരുസഭാ സംരക്ഷകനായ വി. യൗസേപ്പ്. (റവ. തോമസ് പ്ലാക്കാട്ടു) 53
തിരുസഭയുടെ സമ്പത്തു. (റവ. എം. ജോർജ്ജ് ബി. ഏ.) 172
തിരുഹൃദയ കീർത്തനം. (ശ്രീമതി മേരി ജോൺ തോട്ടം) 117
തിരുഹൃദയനിയോഗം. 20, 41, 65, 87, 109, 132, 154, 179, 194, 221, 244, 272
തൃശ്ശൂർ പുതിയപള്ളി. (മോൺസിഞ്ഞോർ അൻററനി പുത്തൂശ്ശേരി) 235, 260

ദിവ്യോപദേശശകലങ്ങൾ. (ശ്രീമാൻ ചാക്കോ വള്ളവന്തറ) 38
ദൈവജനനിയും കത്തോലിക്കാ സഭയും. (റവ. ഫാദർ തോമസ് മണ്ണൂരമ്പയിരി) 216
ദൈവജനനിയും ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളും.
(വെറി. റവ. ഫാദർ അലോഷ്യസ് സി. ഡി.) 75
ദൈവത്തിൻെറ പുരോഹിതൻ. (ശ്രീമാൻ കെ. ഇ. ചാക്കോ ബി. ഏ.) 60
നമ്മുടെ ദിവ്യമാതൃക. (ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.) 242
നവവത്സരാശിസ്സ്. (മഹോന്നത ദിവ്യശ്രീ വിസിററർ അപ്പസ്തോലിക്കാ തിരുമേനി) 1
നവവത്സര കീർത്തനം. (പരേതനായ സി. ററി. ബെർണ്ണാർഡ്) 3
നിർഭാഗ്യനായ ആ യുവാവ്. (വെറി. റവ. ഫാദർ ഗാബ്രിയേൽ സി. ഡി.) 214, 240
നിൻെറ യജമാനൻെറ പിന്നാലെ വാ. (ശ്രീമാൻ സി. അന്തപ്പായി ബി. ഏ.) 186
പരിശുദ്ധ കന്യകയുടെ താരാട്ടു. (പദ്യം) ശ്രീമാൻ സി. എം. സെബാസ്ത്യൻ 30
പരിശുദ്ധ ത്രിത്വം. (റൈററ് റവ. മോൺസിഞ്ഞോർ ആൻറനി പുതുശ്ശേരി) 119
പഞ്ചാംഗം. 24, 4[illegible], 70, 92, 114, 136, 158, 180, 204, 228, 254, 280
പാസ്ക്കൽ ബയിലോൺ. (വി) റവ. ഫാദർ മർസലിൻ സി. ഡി. 16
പിശാചിൻെറ സന്ദേശം. (ശ്രീമാൻ തോമസ് വള്ളവന്തറ) 128
പീഡാനുഭവപ്പാന (പദ്യം) ക. നി. മൂ. സ. ബ. മാണിക്കത്തനാർ 73
പീററർ കനിസിയൂസ് (വിശുദ്ധ വേദപാരഗൻ)
(റവ. ഫാദർ ജോർജ്ജ് ടി. ഒ. സി. ഡി.) I94
പുതിയ പ്രസിദ്ധീകരണങ്ങൾ. 21, 66, 110, 177, 199, 206, 249
പ്രഥമ ക്രിസ്തുമസ്സ് 259
പ്രസാധകക്കുറിപ്പുകൾ. 3, 30, 51, 95, 117, 139, 161, 181, 206, 233
പ്രാർത്ഥനയെപ്പററി രണ്ടു വാക്ക്.
(ദി. ശ്രീ. കാപ്പിൽ കുര്യാക്കോസ് ശ. പി. എച്ച്. ഡി.) 12, 33, 58, 77, 105
പ്രേമാമൃതം (ഗാഥ) ക. നി. മൂ. സ. ബ. മാണിക്കത്തനാർ. 212, 235, 262
ബനീഞ്ഞ കൊൺസൊലാത്താ. (വെറി. റവ. ഫാദർ ഗാബ്രിയേൽ സി. ഡി.) 270
മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന. (ഇടയലേഖനം)
(റൈററ് റവ. മോൺസി. ജേക്കബ് കല്ലറയ്ക്കൽ) 233
മരിയാംബികാ കീർത്തനം. (ശ്രീമാൻ സി. എം. സെബാസ്ററ്യൻ) 134
മലങ്കര ഹയരാർക്കി സ്ഥാപനം സംബന്ധിച്ചു് പതിനൊന്നാം പീയൂസ്
മാർപ്പാപ്പാ തിരുമനസ്സിലെ തിരുവെഴുത്തു്. 5, 31
മാർച്ച്മാസകീർത്തനം. (റവ. ഫാദർ സൈമൺ സി. ഡി.) 51
മൃതസരസ്സ്. (റവ. ഫാദർ പീററർ പുത്തൻപുരയ്ക്കൽ) 184
മേമാസകീർത്തനം. (ശ്രീമാൻ ഏ. ററി. ദേവസ്സി എങ്ങണ്ടിയൂർ) 95
റോമാ യാത്ര (പരേതനായ നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ
മെത്രാൻ തിരുമനസ്സിലെ ഇടയലേഖനം.) 75
ലൂർദിലെ അമലോത്ഭവ ജനനി. (റവ. ഫാദർ ജോർജ്ജ് ടി. ഒ. സി. ഡി.) 265
വത്തിക്കാൻ പ്രദർശനം. (റവ. ഫാദർ ജോസഫ് പഞ്ഞിക്കാരൻ എം. എ. ഡി. ഡി.) 101
വർത്തമാനസംഗ്രഹം. 22, 67, 89, 111, 133, 155, 178, 201, 226, 251.
വിശുദ്ധ വത്സരോൽഘാടനം. (കാപ്പിൽ കുര്യാക്കോസു ശ: പി. എച്ച്. ഡി.) 42
വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സിലേ പ്രസംഗം.
(ശ്രീമാൻ കെ. സി. അലക്സാണ്ടർ ബി. ഏ.) 219
വേദപാരഗനായ മാർ അപ്രേം. (വെറി. റവ. ഫാദർ ഗാബ്രിയേൽ സി. ഡി.)
126, 149, 166.
വേദപുസ്തകപാരായണം. (വെറി. റവ. ഫാദർ അലക്സാണ്ഡർ സി. ഡി.)
10, 54, 80, 98, 183, 238.
വ്യാകുലമാതാവിൻ നവമരണസഭ. (റവ. ഫാദർ ഹില്ലാരിയോൻ സി. ഡി.) 188

ശത്രുക്കളെ സ്നേഹിപ്പിൻ. (റവ. എം. ജോർജ്ജ് ബി. ഏ.) 214
ശുദ്ധീകരാത്മാ: കീർത്തനം. (റവ. ഫാദർ മാത്യു വടക്കയിൽ) 231
സച്ചിന്താവലി. (പദ്യം) (ക. നി. മൂ. സ. ബ. മാണിക്കത്തനാർ) 14, 185
സാഹിത്യകാരന്മാരുടെ മദ്ധ്യസ്ഥൻ. (റവ. ഫാദർ മാത്യു പുതിയിടം.) 62
സിദ്ധൌഷധക്കുറിപ്പുകൾ. 14, 23, 111, 182, 250, 276
സ്വർഗ്ഗരാജ്ഞീകീർത്തനം. (റവ. ഫാദർ മാത്യു വടക്കയിൽ) 161
സ്പെയിനിലെ ഒരു കർമ്മലകുസുമം.
(റവ. ബ്രദർ ഫ്രാൻസീസ് ടി. ഒ. സി. ഡി.) 39


## നസ്രാണിദീപികാ പഞ്ചാംഗം.

തിരുവിതാംകൂർ മഹാരാജാവു, റീജൻറു മഹാറാണി, അമ്മ മഹാറാണി, ദിവാൻ മിസ്റ്റർ മോറീസ് വാട്ട്സ് എന്നിവരുടെയും, കേരളത്തിലെ എല്ലാ വൈദികാദ്ധ്യക്ഷന്മാരുടെയും മനോഹരമായ ഛായാപടങ്ങളോടുകൂടിയ നസ്രാണിദീപികാ പഞ്ചാംഗം ക്രിസ്തുമസ്സിനു മുമ്പായി പുറപ്പെടുന്നതാണ്. വില 1 അണ മാത്രം. പത്തിനു രണ്ടു കമ്മീഷൻ– ഒററ എണ്ണം വീതം മാത്രം ആവശ്യമുള്ളവർ അതാതു സ്ഥലത്തെ കെ. സി. സി. എ. അംഗങ്ങളുടെ പക്കൽ പണം കൊടുത്തു ആവശ്യപ്പെട്ടാൽ മതിയാകും.

മാനേജർ, നസ്രാണിദീപിക,– മാന്നാനം.


## വരിക്കാരുടെ പ്രത്യേകശ്രദ്ധയ്ക്കു്.

മണിയോർഡർവഴി ഇതേവരെ വരിപ്പണം അയച്ചുതന്നിട്ടില്ലാത്തവർക്കു മാസിക വി. പി. ആയി അയച്ചുവരികയാണ്. ഒരു കൊല്ലത്തിലധികം വരിപ്പണം കുടിശ്ശികയുള്ളവരായ വി. പി. മടക്കുന്ന എല്ലാവരുടേയും മാസിക നിറുത്തൽ ചെയ്യുന്ന വിവരം അറിയിച്ചുകൊള്ളുന്നു. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഈ പ്രകാരം വി. പി. മടക്കിയിട്ടുള്ളവരുടെ പക്കൽനിന്നും വരുവാനുള്ള തുക വി. പി. ചെലവുസഹിതം ഈടാക്കുന്നതിലേക്കു വേണ്ട നടപടികൾ നടത്തുന്നതിന് പേരുകൾ ഞങ്ങളുടെ വക്കീലിനെ ഏല്പിച്ചിരിക്കുന്ന വിവരം ഇതിനാൽ ഞങ്ങളുടെ മാന്യവരിക്കാരെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു.

മാനേജർ കർമ്മലകുസുമം, മാന്നാനം.


## വരാപ്പുഴ പത്യാല.

നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യവൈദികന്മാരുടെയും മാന്യമഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകര്യത്തെ ഉദ്ദേശിച്ച് വന്ദ്യവൈദികരുടെ താല്പര്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു. ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ഛായം ഇവ ഭംഗിയായിട്ടും മിതമായവിലയ്ക്കും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരമറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

മർസ്സലീൻ പത്യാല, മാനേജർ, ബ്രാഞ്ചാഫീസ്,

ജെ. ജോസഫ് പത്യാല ആൻഡ് സൺസ്. ചങ്ങനാശേരി.

# പഞ്ചാംഗം.

എപ്പക്തി ൫.   ൭൫൩൪ ൧൨൨൩   ഞായറാഴ്ച അക്ഷരം . ൨

## ൧൯൨൫ ഡിസംബർ — ൧൧൦൧ വൃശ്ചികം — ധനു.

| | | | | |
|---|---|---|---|---|
| 1 | 16 | ചൊ | † മാ. കയത്താനോസ് ന. ആ. കു. പെ. | വെ. |
| 2 | 17 | ബു | ക. വേ. ബിബിയാനാ ന. ആ. കു. പെ. | ചു. |
| 3 | 18 | വ്യാ | † മാ. ശൗയ്ഞ്ഞാർ ന. ആ. കു. പെ. | വെ. |
| | | | മണ്ണാരപ്പാറ, കൊതവറ, പ്രാധാന തിരുനാൾ. | |
| 4 | 19 | വെ | ക. വേ. ബർബരാ ന. ആ. കു. പെ. | ചു. |
| 5 | 20 | ശ | ആബാ. സാബാ. ന. ആ. കു. പെ. | വെ. |
| | | | 5, 6, 7, അമ്പഴക്കാട്ടു കൊരവന്ത. ൪൦ മണി ആരാധന. | |
| 6 | 21 | ഞാ | ✠ ആഗമനം ൨—ാം ഞാ. ന. കു. ആ.   .൭൪ .൮ .2 | റോ. |
| 7 | 22 | തി | അ. മാ. മ. അംബ്രോസി. ന. ആ. കു. പെ. | വെ. |
| 8 | 23 | ചൊ | ✠ ദൈവജനനിയുടെ അമലോ. ന. കു. പെ. | വെ. |
| | | | പാലാ, ചങ്ങനാശേരി, മാന്നാനം, പൊൻകുന്നം, അമ്പഴക്കാട്ട്, | |
| | | | ഓർശ്ലം, പ്രധാന തിരുനാൾ. | |
| 19 | 24 | ബു | ദൈവജന. അമലോ. എം. ന. ആ. കു. പെ. | വെ. |
| 10 | 25 | വ്യാ | † ക. മറിയ. ഭവനമാററം ന. ആ. കു. പെ. | വെ. |
| 11 | 26 | വെ | പാ. മാ. ദമാസോസ് ന. ആ. കു. പെ. | വെ. |
| 12 | 27 | ശ | ദൈവജന. അമലോ. ന. ആ. കു. പെ. | വെ. |
| 13 | 28 | ഞാ | ✠ ആഗമനം ൩—ാം ഞാ. ന. കു. ആ. .൭2 .൧൨ .൮ | റോ. |
| 14 | 29 | തി | വിധ. ഏലീശാ. ന. ആ. കു. പെ. (നവ. ൧൯) | വെ. |
| 15 | 1 | ചൊ | ദൈവജന. അമ. എട്ടാം ന. ആ. കു. പെ. | വെ. |
| 16 | 2 | ബു | † മാ. ലെയോനാ. പോത്ത. ന. കു. പെ. (നവ. ൨൩) പട്ടം | വെ. |
| | | | പിറവിത്തിരുനാളിനുമുമ്പുള്ള നവനാൾ ആരംഭിക്കുന്നു. | |
| 17 | 3 | വ്യാ | † അ. മാ. മ. ക്രിസോലോഗോസ് ന. ആ. കു. പെ. (ഇൗ. ൯) | വെ. |
| 18 | 4 | വെ | ന. പി. തോമ്മാ മൈലാ. അത്ഭുത. ന. ആ. കു. പെ. (പട്ടം) | വെ. |
| 19 | 5 | ശ | അ. മാ. നിക്ലാവോസ് ന. ആ. കു. പെ. (ഇൗ. ൬) | വെ. |
| 20 | 6 | ഞാ | ✠ ആഗമനം ൪—ാം ഞാ. ന. കു. ആ.   .൭൪ .൨ 2 | റോ. |
| 21 | 7 | തി | (✠) ന. പി. തോമ്മാശ്ലീ. ന. കു. പെ. | ചു. |
| 22 | 8 | ചൊ | † ക. മറി. പ്രസവ പ്രതീക്ഷ ന. ആ. കു. പെ. (ഇൗ ൧൮) | വെ. |
| 23 | 9 | ബു | ന. കു. ആ. | റോ. |
| 24 | 10 | വ്യാ | ന. ക. പിറവി തലേ. ന. ആ. കു. തലെ. (ഒരുനേരം) | റോ. |
| 25 | 11 | വെ | ✠ **ന. ക. പിറവി.** ന. കു. പെ. | റോ. |
| 26 | 12 | ശ | (✠) പ്രഥമ വേദസാക്ഷി എസ്തപ്പാനോസ് ന. കു. പെ. | ചു. |
| | | | എള്ളൂർ പ്രധാന തിരുനാൾ. | |
| 27 | 13 | ഞാ | ✠ ശ്ലീ ഏവൻ. യോഹന്നാൻ ന. കു. പെ. .൭൪ .൩ .൮ | വെ. |
| 28 | 14 | തി | (✠) ശു. കുഞ്ഞിപ്പൈതങ്ങൾ ന. കു. പെ. | റോ. |
| 29 | 15 | ചൊ | അ. വേദ. തോമാ കാൻറർബറി ന. ആ. കു. പെ. | ചു. |
| 30 | 16 | ബു | പിറവി ഇടഞ്ഞായർ ന. ആ. കു. ഇടഞ്ഞായർ | വെ. |
| 31 | 17 | വ്യാ | പാ. മാ. സിൽവസ്ത്രോസ് ന. ആ. കു. പെ. | വെ. |
| | | | നാളെ ചേരദനാചാരത്തിരുനാൾ കടം. മാസാദ്യവെള്ളിയാഴ്ച. | |

Printed and published for the Proprieter by P. K. Joseph, at
The St. Joseph's Press, Mannanam. 1925.

ക്രിസ്തുമസ്സ് സാമാനങ്ങളുടെ പുതിയ സ്റ്റാക്ക്.

# ററി. ലൂയിസ് & കമ്പനി

## കത്തോലിക്ക് വെയർ ഹൌസ് തൃശിനാപ്പള്ളി.

---

ക്രിസ്തുമസ് നവവത്സര കാർഡുകൾ— സാധാരണ ഡസനു ര ണ, ന്നണ, വ്വ ണ, ൩ ണ, ഫവ ണ, ഫക, വ്വണ, വക. വിശേഷതരം— ഫ ക ര ണ, ഫക. ഫവ ണ, വ ക. രണ, ന്ന ക. ര ക. ൫ ക. ന്ന ക. കൂടിയതരം ഓരോന്നിന് വ്വണ, ഫ൦ ണ, ഫവ ണ, ഫ ക. വേദസംബന്ധമായ ക്രിസ്തുമസ്സ് കാർഡ് പിറവിയുടെ പടത്തോടുകൂടിയതു— ഡസനു വ്വ ണ, ഫക, ഫ ക. വ്വണ. വ ക. ടി. ക്രിബ് പോസ്റ്റ് കാർഡ് ഡസന് ഫവ ണ. ഫ ക. ക്രി. പ്രതിമകൾ-മൂന്നുസെററ് ര ഇഞ്ച് ന്ന ക. വ്വ ണ. ന്ന ഇഞ്ച് ന്ന ക. വ്വ ഇഞ്ച് ൻ ക. ഫവ ഇഞ്ച് ഫവ ക. ഫന്ന ഇഞ്ച് വ൫ ക. ടി. ഉണ്ണിഈശോയുടെ ന്ന ഇഞ്ച് ഫ ക. ൫ ഇഞ്ച് ന്ന ക. ഫ൦ ഇഞ്ച് ൭ ക. ടി. മേൽത്തരം ൭ ഇഞ്ച് വ്വ ക. ൻ ഇഞ്ച് ഫ൦ ക. ഫവ ഇഞ്ച് ഫവ ക. ടി. തൊട്ടിലോടുകൂടിയതു. വ്വ ഇഞ്ച് വ്വ ക. ഫ൦ ഇഞ്ച് ഫ൦ ക. ഫവ ഇഞ്ച് ഫ൫ ക. ടി. ആട്ടിടയന്റെ ഓരോന്നിന്നും വ ക വ്വ ണ. ടി. കാള, കഴുത & മൂന്നു ആടുകൾ ന്ന ക. ടി. എല്ലാംകൂടി ഫന്ന എണ്ണം തികച്ചുള്ള പുൽക്കൂട്ടിസെററ് ചെറുതു വ്വ ഇഞ്ച് ഫ൫ ക. ഫവ ഇഞ്ച് വ൭ ക. പ്ലാസ്റ്റർകൊണ്ടുള്ള ക്രി. പുൽക്കൂട്ട് ന്ന രൂപങ്ങൾ ഫ൦ ഇ. ഫവ ക. ന്ന രൂപങ്ങൾ ഫന്നക. ക്രിസ്റ്റ്മസ് ഇരട്ടക്കാർഡുകൾ വിശേഷതരം ചെറുതു വ ണ, ന്നണ. ഇടത്തരം വ്വ ണ. ഫവ ണ. വലുതു ഫ ക. ഫൽ ക. വ ക. ഇംഗ്ലീഷ് പ്രാർത്ഥനപ്പുസ്തകങ്ങൾ— Key of Heaven & garden of the Soul ചെറിയ അളവ് ഫ ക, ഫ ക. വ്വണ, വ ക. രണ. ഇടത്തരം അളവ് ഫൽ ക, വ ക. ന്ന ക, ര ക. Path to Paradise ഓരോന്നിനും ഫ൦ ണ. ചെറിയ പോക്കററുബുക്ക് അളവ് ന്ന×ഫൽ ഇ. ഫവ ണ. ഫ ക. ക്രിസ്തുമസ്സ് ഗാർലണ്ട് ഡസനു ഫ ക ര ണ. വ ക. വ്വണ, ര ക, വ്വ ക. വ്വണ. ജെലററിൻ മടക്ക വിളക്കുകൾ. നിറംകൊടുത്തതു ഡസനു ന്ന ക, ര ക, ന്ന ക, ൭ ക, ഫ൦ ക. ഫന്ന ക., സ്ക്രിപ്ച്ചർ ടെക്സ്റ്റ് ഓരോന്നിനും വ ണ, ര ണ, ന്ന ണ, വ്വ ണ. കുസുമാകൃതി വരുത്തിയിട്ടുള്ള കാർഡ്ബോർഡ് ഓരോന്നിന് ന്ന ണ. ഡസനു ര ക. വേദസംബന്ധമായ പടങ്ങൾ— ഫ൦×വ്വ ഇഞ്ച് അളവ് ഡസന് ഫക. ഫ൦ണ, ടി. ഫ൭×ഫന്ന ഇഞ്ച് ൫ ക. വ൦×ഫന്ന ഇഞ്ച് വ്വ ക, വ൫×ഫവ്വ ഇഞ്ച് ഫ ക. ര ണ, ന്ന൦×വവ ഇഞ്ച് ഓരോന്നിനും വ ക. ര ണ. പുസ്തകത്തിൽ വെക്കാനുള്ള പടങ്ങൾ ഫ൦൦ ക്കു ഫ ക. വ്വണ. വ ക. നിറംകേററിയ പ്ലാസ്റ്റർകൊണ്ടുള്ള ജമ്മൻ പ്രതിമകൾ വ്വൽ ഇഞ്ച് വ ക. രണ. ഫവ ഇഞ്ച് ൫ ക. ഫന്ന ഇഞ്ച് വ്വ ക. വര ഇഞ്ച് വ൦ ക. ന്നര ഇഞ്ച് ര൫ ക. ര൦ ഇഞ്ച് വ്വ൦ ക. അലംകരിച്ച മെഴുകുതിരികൾ ഡസനു വ ക, വ്വ ണ. മെഴുകുതിരിക്കാലുകൾ പിത്തള പാരിനു ൫ ഇഞ്ച് വ ക. ന്ന ഇഞ്ചു ന്ന ക. ൭ ഇഞ്ച് ര ക. ഫ൦ ഇഞ്ച് വ്വ ക. ഫവ ഇഞ്ച് ഫ൦ക. ടി. കണ്ണാടിക്കാലുകൾ ര ഇഞ്ച് ഫ ക. ൻ ഇഞ്ച് ന്നൽ ക. നിക്കൽ വെള്ളികൊണ്ടുള്ള കുരിശു സ്റ്റാൻഡോടുകൂടി ന്ന ഇഞ്ച് വ ക. ൭ ഇഞ്ച് ന്ന ക. ൻ ഇഞ്ച് ന്നൽ ക. ഫന്ന ഇഞ്ച് വ്വ ക. ഫര ഇഞ്ച് വ്വ— ക. ഫന്ന ഇഞ്ച് ഫ൦ ക. ഫവ്വ ഇഞ്ച് ഫവ ക. വവ ഇഞ്ച് ഫവ്വ ക. പ്രഭയുള്ള റോൾഡ് ഗോൾഡ് കുരിശുകൾ വ ഇഞ്ച് ഫൽ ക, വ ക. പെണ്ടൻറസ് ബ്രോച്ചസ് ന്ന ക. ക്രിസ്തുമസ് കളിപ്പാട്ടങ്ങൾ, ക്രിസ്തുമസ് വൃക്ഷങ്ങൾക്ക വിലകുറഞ്ഞ വ൫ സാധനങ്ങൾ അടങ്ങിയ പെട്ടി ഫ ക്കു 3 ക., ടി. ൫൦ അടങ്ങിയപെട്ടി ഫ ക്കു ൫ ക. വ്വണ., ഫ൦൦ അടങ്ങിയതിനു ഫ൦ ക. ടി. കൂടിയതരം ൫൦ അടങ്ങിയ പെട്ടി ഫക്ക് ഫഫ ക. വ്വ ണ, ടി. ഫ൦൦ അടങ്ങിയ പെട്ടി ഒന്നുക്കു വവ ക. ചലനമൃഗങ്ങളും ശബ്ദരൂപങ്ങളും ഫവ ക്കു 7 ക. വ൫ ക്കു ഫന്ന ക. ൫൦ ക്കു വ൫ ക. മ്യൂസിക്കൽ ടോയിസ് ഫവ ക്കു ര ക; ന്നക, ഫൻവന്ന— ലേ ചിത്രപഞ്ചാംഗം, തൂക്കപഞ്ചാംഗം പലതരത്തിൽ ഫവ നു ര രൂ. ൫൦ നു ഫ൫ ക. തിക്ക്ബോർഡ് ജമ്മൻ കലണ്ടർ ഫവ ക. ജമ്മൻ ഹൈഫ്ലാസ് അക്കോർഡിയൻ ഓരോന്നിനും വ്വ ക. ഫ൦ ക. ഫര ക. വവ ക. മററു സാമാനങ്ങൾ അടങ്ങിയ വിശദമായ കാററ്ലോഗിനു അരയണ സ്റ്റാമ്പു സഹിതം എഴുതുക.

# OUR NEW STOCK OF XMAS GOODS.

**T. LOUIS & Co.,**

**Catholic Ware House, Trichinopoly.**

Xmas & New year Cards. Ordy. Doz. 0-4-0, 0-6-0, 0-9-0¾0- 0 12-0, 1-8-0, 2-0-0
Celluloid Cards. Doz. 0-4-0. 1-12-0, 2-4-0, 3-0-0, 4-0-0, 5-0-0, 6-0-0.
Superior Cards each. 0-8-0, 0-10-0, 0-12-0, 1-0-0.

Religiou Xmas Cards with the picture of the birth of Christ.– Doz. 0-8-0, 1-0-0, 1-8-0, 2-0-0, Crib Post Cards. Doz. 0-12-0, 1-0-0.

Crib Statues. Set of three 4". Rs. 3-8-0, 6" Rs. 6-0-0, 8" Rs. 9-0-0, 12" Rs. 12-0-0, 16" Rs 25-0-0.

Infant Jesus. 3" Re. 1-0-0, 5" 3-0-0, 10" 7-0-0, ¾ Sup. 7" 8-0-0, 9" 10-0-0, 12"12/
With Cradle 8" Rs. 8-0-0, 10" Rs. 10-0-0, 12" Rs. 15-0-0.

Shepherd each. Rs. 2-8-0. Bull, Ass, & 3 Sheeps Rs. 3-0-0·
Complete Set of 13 seperate figures, Small 8" Rs. 15-0-0, 12" Rs. 27-0-0.

Xmas Grotto in Plaster. 3 Figures 10" Rs 12-0-0, 6 figures Rs. 16-0-0.
Xmas Folding Mechanical Card Cribs. Small 0-2-0, 0-6-0, Medium. 0-8-0, 0-12-0, Big Re. 1-0-0, 1-8-0. 2-0-0.

English Prayer Books. Key of Heaven, and Garden of the Soul. Miniature Size. 1-0-0, 1-8-0, 2-4-0, Medium Size. 1-8-0, 2-0-0, 3-0-0, 4-0-0,.
Path to Paradise. each. 0-10-0. Small Pocket Book. 3 x 1½ 0-12-0, 1-0-0.

Xmas Garlands. Doz. 1-4-0, 2-8-0, 4-0-0, 8-8-0.
Gelatine Folding Coloured lamps. Doz. Rs. 3, 0. 0. ., 0. 0. 6, 0 0. 7 0. 0. 10, 0. 0 [16. 0. 0.
Scripture Texts Each. As. 2, 4, 6, 8.
Card board flower vases Each 0-6-0, doz. 4-0-0.

Religious Pictures. 10 x 8 doz. 1-10-0, 17 x 13- Rs. 5-0-0, 20 x 16 Rs 8-0-0, 25 x 18 Re 1-4-0, 30 x 22 each 2-4-0.
Book Pictures. 100 — Rs 1-8-0, & 2-0-0.

Coloured Plaster German Statues. 3½" 2-4-0, 12" 5-0-0, 16" 8-0-0, 24" Rs 20-0-0, 34" Rs. 45, 40" Rs. 80
Xmas Decorated Candles. doz. Rs. 2-8-0.

Brass Candle Sticks. 5" 2-0-0, 6" 3-0-0. 7" 4-0-0, 10" 8-0-0, 12" 10-0-0 per pair.
Glass candle sticks. 4" 1-0-0, 9" 3-8-0
Nickel Crosses with Stand, 6" 2-0-0. 7" 3-0-0, 9" 3-8-0, 13" 8-0-0, 14" 8-4-0, 16" 10-0-0, 18" 12-0-0, 22" 18-0-0.
Rolled Gold Luminous Crosses. 2" 1-8-0, 2-8-0 each, Pendants & Broaches Rs. 3.
Xmas Toys for Xmas Trees, Assorted collection of cheap Toys. 25 in a Box. 3-0-0 50 Rs. 5-8-0. 100. 10-0-0. Superior. 50. 11-8-0, 100. 22-0-0, Moving animals & Figures with voice 12. 7-0-0, 25. 13-0-0, 50. 25-0-0, Musical Toys. 12. 4-0-0, & 6-0-0.

1926 Pictorial CALENDARS. wall hanging Calendars 12 assorted sizes Rs. 4, 50 assorted sizes Rs. 15-0-0.
Thick Board German Calendars. Rs. 12-0-0.

GERMAN HIGH CLASS ACCORDEONS. Rs. 8-0-0, 10-0-0, 14-0-0, 22-0-0. each

Pleasewrite for our detailed catalogue for other goods etc. with ½ anna stamp.

Indic Digital Archive Foundation
gpura.org